KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 32 / Issue: 7 July 2021 ₹ :15/-



## 20th Anniversary in Heaven

**08-07-2001**



# T. P. Uthuppan

**Thamarathu House, Ranny**

# ക്നാനായ ദീപം

SINCE 1989

2021 ജൂലൈ പുസ്തകം 32 ലക്കം 7

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ക്നാനായത്വം 08
ഡോ. അയൂബ് സിൽവാനോസ് മെത്രാപ്പോലീത്ത

മൽപാനോടു ചോദിക്കാം 10

കരിയർ പാഠങ്ങൾ രണ്ടാം ഭാഗം 15
സുനിൽ ഡി. കുരുവിള

മാതൃകാ കുടുംബജീവിതം 17
ഫാ. ഡോ. ജയിംസ് തോടത്തിൽ

ഉയരങ്ങളിൽ കൂടൊരുക്കുന്ന ദൈവം 19
സണ്ണി കുറിയാക്കോസ്, ഇളംപുരയിടത്തിൽ

മനഃസാക്ഷി എന്ന കോടതി 22
റ്റി. സി. തോമസ് തോപ്പിൽ

ഏവൻഗേലിയോൻ ദീപം 24
ഫാ. രജീഷ് സ്കറിയ, മധുരംകോട്ട്

26 വിശ്വാസം കോറോണ വൈറസ്...
സിജോ ജോസ്, വിലങ്ങൻപാറ

39 മലർവാടിക്കൂട്ടം
ബാലദീപം ക്വിസ്

40 കാൽപ്പാടുകൾ
എബി

41 മാട്രിമോണിയൽ

45 ഇല കൊഴിഞ്ഞ വൻമരം
ബിജു ഇ. പി., ഇളംപള്ളിൽ


മാസികയിൽ
പ്രസിദ്ധീകരിക്കുവാനുള്ളവ
തലേമാസം 25 ന് മുമ്പായി
ക്നാനായദീപം ഓഫീസിൽ
എത്തിക്കണം.

ക്നാനായദീപം വരിസംഖ്യ
കുടിശ്ശികയുള്ളവർ
ക്നാനായ ദീപം ഓഫീസിൽ
എത്തിക്കണം


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)


**Visit www.knanayadeepam.in**


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com




**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 85475 84440
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ
ആപ്പിൽ പരസ്യങ്ങൾ
സ്വീകരിക്കുന്നു. കൂടുതൽ
വിവരങ്ങൾക്ക് ഓഫീസുമായി
ബന്ധപ്പെടുക

**ക്രിസ്തുവിനെ സാക്ഷാൽ ദൈവമായും, മ്ശിഹായായും ജീവിതത്തിന്റെ നായകനായും വിശ്വസിക്കുകയും അനുഭവത്തിൽ വരുത്തുകയും ചെയ്യുന്നത് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനമാണല്ലോ.**



# editorial

## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

ഇന്നത്തെ ലോകത്തിൽ മനുഷ്യൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വിവിധങ്ങൾ ആണ്. ജനസംഖ്യാ വർദ്ധനവ്, പ്രകൃതി വിഭവങ്ങളുടെ കുറവ്, ആറ്റം, ഹൈഡ്രജൻ ബോംബുകൾ, സാമ്പത്തിക തകർച്ച, സാന്മാർഗ്ഗിക അധഃപതനം, രാഷ്ട്രീയം, പകർച്ച വ്യാധികൾ ഇങ്ങനെ പല പ്രശ്നങ്ങൾ. ഇത് വിശ്വാസികളെയും ബാധിക്കുന്നു. എന്നാൽ ഒരു വിശ്വാസി വ്യാകുലപ്പെടേണ്ട. നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്. ദൈവത്തിൽ വിശ്വസിപ്പീൻ എന്നിലും വിശ്വസിപ്പീൻ എന്ന് നമ്മുടെ കർത്താവ് അരുളി ചെയ്തു. ഇന്നത്തെ ലോകത്തിന്റെ വലിയ ആവശ്യം സൈനിക ശക്തിയോ, സാമ്പത്തിക ഭദ്രതയോ അല്ല. വലിയ ശാസ്ത്രജ്ഞന്മാരേയോ, തത്വചിന്തകന്മാരെയോ, രാഷ്ട്രീയമണ്ഡലത്തിൽ അഗ്രഗണ്യരായവരെയോ കൂടാതെ ലോകത്തിന് മുമ്പോട്ടു പോകാൻ കഴിഞ്ഞെന്നുവരാം. എന്നാൽ ധാർമ്മിക മൂല്യങ്ങൾക്ക് വില കല്പിക്കുകയും, സാന്മാർഗ്ഗിക പ്രമാണങ്ങളെ വിലമതിക്കുകയും, ദോഷത്തിന് ഒത്തിണങ്ങിച്ചേരാതെ നിൽക്കുന്ന ദൈവമനുഷ്യരെയാണ് ഇന്ന് ആവശ്യം. ഏതു കാലത്തും ദൈവത്തോട് ചേർന്നുനിന്നുകൊണ്ട് ദൈവിക പ്രമാണങ്ങളിൽ അയവു വരുത്താതെ നിന്നിട്ടുള്ളവരത്രേ സമൂഹങ്ങളിൽ വിപ്ലവം ഉളവാക്കുകയും നേതൃത്വം നൽകുകയും ചെയ്തിട്ടുള്ളത്.

ക്രിസ്തീയ ഉപദേശ സത്യങ്ങളുടെ മഹിമയെപ്പോലെ തന്നെ ക്രിസ്തുവിന്റെ മഹിമയേയും മനുഷ്യർ തീരെ ലഘൂകരിക്കുന്ന ഒരു കാലയളവിലാണ് നാം ജീവിച്ചിരിക്കുന്നത്. ക്രിസ്തുവിനെ ലോകമഹാന്മാരിൽ ഒരുവനായി പരിഗണിക്കുന്നതിൽ ആർക്കും വിരോധമില്ല. ലോകത്തിലെ പല മത സ്ഥാപകന്മാരിൽ ഒരാളായും ഗുരുശ്രേഷ്ഠനായും ഒരു സാമൂഹ്യ പരിഷ്കർത്താവായും, ചില തത്വങ്ങൾക്കുവേണ്ടി വീരമരണം വരിച്ച ആളായും, ഒരു വിപ്ലവകാരിയായും എല്ലാം അവർ ചിത്രീകരിക്കുന്നു. അതെല്ലാം ബുദ്ധിപരമായ അറിവാണ്. ബുദ്ധിപരമായ അറിവ് ഒരുവനേയും രക്ഷിക്കുകയില്ല. ക്രിസ്തു ഒരു അവതാരമാണ്. അങ്ങനെ പല അവതാരങ്ങൾ ഉണ്ടായിട്ടുണ്ട്. ഇനിയും ഉണ്ടാകുകയും ചെയ്യാം. ഇതാണ് അക്രൈസ്തവമതചിന്തകന്മാരുടെ വിചാരം. എന്നാൽ ഒരു ക്രൈസ്തവൻ ക്രിസ്തുവിനെ നിസ്തുലനായി, മനുഷ്യവർഗ്ഗത്തിന്റെ ഏക രക്ഷിതാവായി വിശ്വസിക്കുന്നു. ക്രിസ്തുവിനെ സാക്ഷാൽ ദൈവമായും, മ്ശിഹായായും ജീവിതത്തിന്റെ നായകനായും വിശ്വസിക്കുകയും അനുഭവത്തിൽ വരുത്തുകയും ചെയ്യുന്നത് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനമാണല്ലോ. ലോകത്തിന്റെ ഏക രക്ഷാമാർഗ്ഗമായി ഈ ക്രിസ്തുവിനെ ഉയർത്തിക്കാണിക്കുകയാണ് ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ കർത്തവ്യം. പല രക്ഷകന്മാരിൽ ഒരുവനായി മാത്രം ക്രിസ്തുവിനെ അറിയുന്നവൻ. ക്രിസ്തുവിനെ ഒട്ടും അറിയുന്നവനല്ല. അങ്ങനെയുള്ളവൻ ക്രിസ്ത്യാനിയല്ല. എന്നാൽ മതസഹിഷ്ണുതയുടെയും വിശാല ഹൃദയത്തിന്റെയും പേരിൽ ഇന്ന് ക്രിസ്തുവിന്റെ ഈ നിസ്തുലതയെ ഒറ്റിക്കൊടുക്കുന്ന ക്രൈസ്തവ നാമധാരികൾ പലരുണ്ടെന്ന് സങ്കടത്തോടെ ഓർക്കേണ്ടിയിരിക്കുന്നു. മതസഹിഷ്ണുതയ്ക്കും വിശാല ഹൃദയത്തിനും ഒരു ക്രിസ്ത്യാനി മറ്റാർക്കും പിന്നിൽ നില്ക്കേണ്ടവനല്ല. ഇതര മത വിശ്വാസികളെ എന്നല്ല നിരീശ്വരന്മാരേയും കൂടെ ആത്മാർത്ഥമായി സ്നേഹിക്കുകയും അവരുടെ ചിന്താസ്വാതന്ത്ര്യത്തെ ആദരിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന സഹിഷ്ണുതയും വിശാലതയും ഒരു വിശ്വാസിക്ക് ആവശ്യം വേണ്ടതാണ്. അപ്പോൾ തന്നെ ക്രിസ്തുവിന്റെ നിസ്തുലതയിൽ അവൻ പൂർണ്ണമായി വിശ്വസിക്കുകയും എവിടെയും ആരോടും അത് ധൈര്യമായി പ്രസ്താവിക്കുകയും ചെയ്യണം.

ക്രിസ്തീയ സഭ തോറ്റു പോയിരിക്കുന്നത് ഇവിടെയത്രെ. വിശ്വാസികളുടെ ജീവിതരംഗങ്ങളിൽ ലോകത്തേയും ലോകത്തിലുള്ളതിനേയും സ്നേഹിച്ചും ലോകത്തിന്റെ വഴികളെ അനുകരിച്ചും ജീവിക്കുന്നതിനാൽ ഇന്ന് നിങ്ങളുടെ ദൈവം എവിടെ എന്ന് അന്യജാതിക്കാർ ചോദിക്കുന്നില്ലേ? വിശ്വാസിയും ലോകകാരും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ലോക മനുഷ്യർ ചെയ്യാൻ മടിക്കുന്ന പല പ്രവർത്തികളും നമ്മുടെ സഭാ നേതൃത്വം കാണിക്കുന്നില്ലേ. അതു നിമിത്തം എത്രയോ ജനങ്ങൾ തെറ്റി പോകുന്നു. 99 ആടിനേയും ഇട്ടിട്ട് കാണാതെ പോയ ആടിനെ തേടിവന്ന നല്ല ഇടയൻ ആടുകളുടെ കണക്കു ചോദിക്കുമ്പോൾ എന്ത് മറുപടി പറയും. 52 പള്ളികൾ ഞങ്ങൾ പിടിച്ചു എന്നു പറയുമോ. ഇതു നിമിത്തം ജാതികളുടെ ഇടയിൽ ദൈവനാമം ദുഷിക്കപ്പെടുകയത്രേ. എന്നാൽ ദൈവത്തിന്റെ മനുഷ്യർ എന്നുള്ള ബോധത്തോടുകൂടെ ദൈവത്തെ മാനിക്കുവാൻ ദൈവീക പ്രമാണങ്ങളിൽ ഉറച്ചു നിൽക്കണം. ദൈവത്തെ മാനിക്കുന്നവരെ ദൈവം മാനിക്കും എന്നുള്ളതത്രേ ദൈവത്തിന്റെ മാറ്റമില്ലാത്ത വാഗ്ദത്തം.

കർത്താവിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ വ്യത്യസ്തങ്ങളായിരിക്കുന്നതുപോലെ തന്റെ ശരീരമായ സഭയെക്കുറിച്ചും അതിലെ പാവനങ്ങളായ വിശുദ്ധ കൂദാശകളെക്കുറിച്ചും പരസ്പര വിരുദ്ധങ്ങളായ ചിന്താഗതികൾ നിലവിലിരിക്കുന്നുണ്ട്. സഭയുടെ അടിസ്ഥാനം സത്യവിശ്വാസമാകയാൽ അത് മനുഷ്യാവതാരത്തിന്റെ തുടർച്ചയായി ലോകാവസാനത്തോളം നിലനിൽക്കും. സഭയെ വെറും ഒരു സംഘടന

*(ശേഷം പേജ് 16-ൽ)*



# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

കർത്താവിൽ അനുഗ്രഹീതരെ,

വിശുദ്ധ വചനം മുഴുവനും ദൈവത്തിന്റെ ആഴമളക്കാനാവാത്ത കരുണയെക്കുറിച്ച് പ്രഘോഷിക്കുന്നു. പുറപ്പാട് പുസ്തകത്തിൽ നമ്മൾ ഇപ്രകാരം വായിക്കുന്നു. "കർത്താവ്, കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ, തെറ്റുകളും കുറ്റങ്ങളും പാപങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോടു കരുണ കാണിക്കുന്നവൻ (പുറ. 34:6-7). സങ്കീർത്തനത്തിൽ നമ്മൾ കാണുന്നു " കർത്താവ് നല്ലവനാണ്, അവിടുത്തെ കാരുണ്യം ശാശ്വതമാണ്. അവിടുത്തെ വിശ്വസ്തത തലമുറകളോളം നിലനിൽക്കും". (സങ്കീ. 100:5).

വിലാപങ്ങളുടെ പുസ്തകത്തിൽ നമ്മൾ വായിക്കുന്നു. "കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല; അവിടുത്തെ കാരുണ്യം അവസാനിന്നില്ല. ഓരോ പ്രഭാതത്തിലും അതു പുതിയതാണ്." (വിലാ. 3:22) ഇപ്രകാരം തിരുവചനം മുഴുവൻ വായിക്കുമ്പോൾ ദൈവത്തിന് മനുഷ്യവംശത്തോടുള്ള സ്നേഹവും കരുണയും എത്ര വിപുലമാണെന്ന് നമുക്ക് ബോധ്യമാവും.

വിശുദ്ധ ലിഖിതം ദൈവത്തിന്റെ മഹാകരുണയെക്കുറിച്ച് സംസാരിക്കുമ്പോൾ തന്നെ ദൈവപിതാവിനെപ്പോലെ മനുഷ്യരും കരുണയുള്ളവരാകുവാൻ ആവശ്യപ്പെടുന്നു. "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ". (ലൂക്കോസ് 6:36)

ഹെലൻ കെല്ലർ (അന്ധർക്കായി ബ്രയിൻലിപി കണ്ടെത്തിയ ധീരവനിത) തന്റെ അമ്മയുടെ ഉദരത്തിൽ ആയിരുന്നപ്പോൾ ആ അമ്മയെ പരിശോധിച്ച ഡോക്ടർക്കു മനസ്സിലായി അംഗവൈകല്യമുള്ള കുഞ്ഞായിട്ടു മാത്രമേ ഈ കുഞ്ഞിനു ജനിക്കുവാൻ സാധിക്കു എന്ന്. അതുകൊണ്ടു തന്നെ ആ കുഞ്ഞിനെ ഉദരത്തിൽവെച്ചുതന്നെ ഭ്രൂണഹത്യയിലൂടെ നശിപ്പിച്ചു കളയുവാൻ അദ്ദേഹം ആ അമ്മയോട് ആവശ്യപ്പെട്ടു. എന്നാൽ ഏറെ കരുണയും സ്നേഹവുമുണ്ടായിരുന്ന ആ അമ്മ അതിനു സമ്മതിച്ചില്ല. ജനിച്ച മൂകയും, ബധിരയും, അന്ധയും ആയ കുഞ്ഞിനെ കണ്ട ഡോക്ടർ ആത്മഗതം പറഞ്ഞു 'ഈ കുഞ്ഞ് ജനിക്കാതിരുന്നെങ്കിൽ' എന്ന്. എന്നാൽ ആ സ്നേഹനിധിയായ ആ അമ്മ കുഞ്ഞ് ഹെലന് വേണ്ട എല്ലാ സ്നേഹവും കരുണയും പരിചരണവും നൽകി. ആ അമ്മയുടെ കരുണയുള്ള ഹൃദയം ഹെലൻ കെല്ലറെ മഹതിയാക്കി മാറ്റി. ഇവർ മൂലം അനേകായിരം അന്ധന്മാർ അറിവിന്റെ ലോകത്തേക്ക് വഴിതുറക്കപ്പെട്ടു. ഡോക്ടറുടെ നിർദ്ദേശ പ്രകാരം ആ അമ്മ ഉദരത്തിൽ വെച്ച് തന്നെ തന്റെ കുഞ്ഞിനെ നശിപ്പിച്ചിരുന്നെങ്കിൽ ലോകത്തിനു ലഭിക്കുമായിരുന്ന വലിയ നന്മ നഷ്ടപ്പെട്ടു പോകുമായിരുന്നു. നമ്മൾ ഒക്കെ ചെയ്യുന്ന ഓരോ കരുണയുടെ പ്രവർത്തിയും വലിയ നന്മയാണ് ലോകത്തിന് സമ്മാനിക്കുന്നത്.

ഈ കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിലും അനേകം കരുണയുള്ള നന്മമരങ്ങളെ സഭയിലും സമൂഹത്തിലും നാം കാണുന്നു. പലവിധ പ്രതിസന്ധിയിലൂടെ കടന്നു പോയവർക്ക് സ്നേഹത്തിന്റെ സഹായഹസ്തവുമായി അവർ കടന്നു ചെന്നു. അവർക്കെല്ലാം ദൈവത്തിന്റെ സന്നിധിയിൽ നിന്നും പ്രതിഫലം ലഭിക്കട്ടെ എന്ന് പ്രത്യേകം പ്രാർത്ഥിക്കുന്നു. വിശുദ്ധ പൗലോശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നു. "നന്മ ചെയ്യുന്നതിൽ നാം മടുത്തുപോകരുത്, തളർന്നു പോകാഞ്ഞാൽ തക്കസമയത്തു നാം കൊയ്യും ആകയാൽ അവസരം കിട്ടുപോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യണം". (ഗലാത്യർ 6:9-10). കരുണയുള്ള ഹൃദയവും നന്മ ചെയ്യാനുള്ള കഴിവും, സ്നേഹിക്കാനുള്ള ശക്തിയും നൽകുന്നത് പരിശുദ്ധത്മാവാണ്. വി. റൂഹായാൽ ജ്വലിക്കപ്പെട്ട ജീവിതം സർവ്വശക്തൻ നമുക്ക് സമ്മാനിക്കട്ടെ.

വാത്സല്യമക്കളെ, ഈ അടുത്ത സമയങ്ങളിലായി നമ്മുടെ മഹത്തായ ക്നാനായ വംശീയതയെയും, പാരമ്പര്യത്തെയും പരിഹസിക്കുകയും, വിമർശിക്കുകയും നവമാധ്യമങ്ങളിലൂടെ ഈ സമൂഹത്തെ ഇകഴ്ത്തി കാണിക്കുകയും ചെയ്യുന്ന ചില പ്രവണതകൾ നമ്മൾ കണ്ടു വരുന്നു. എന്നാൽ അതെ സമയം ധാരാളം അറിവും, ജ്ഞാനവും, ചരിത്രാവബോധവുമുള്ള അനേകം പേർ ഈ സമൂഹത്തോട് എത്ര ആദരവും ബഹുമാനവുമാണ് പുലർത്തുന്നത് എന്ന് കാണുമ്പോൾ അവ നമ്മൾ ഓരോരുത്തർക്കും എത്ര അഭിമാനവും സന്തോഷവുമാണ് നൽകുന്നത്.

ഏറെ പൗരാണികമായ ഈ സമൂഹത്തെ അതിന്റെ തനിമയിൽ നിലനിർത്തുവാനും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ജനതയുടെ യഥാർത്ഥ പിൻതലമുറക്കാർ എന്നുള്ള നിലയിൽ ആ ബോദ്ധ്യം ഉൾക്കൊണ്ട് നമ്മുടെ വംശീയതയും, പാരമ്പര്യങ്ങളും നമ്മുടെ അവകാശവും ഉത്തരവാദിത്വവുമാണെന്ന് മനസ്സിലാക്കി കണ്ണിലെ കൃഷ്ണമണിപോലെ നമ്മുടെ സമൂഹത്തെ സംരക്ഷിക്കുവാൻ നമുക്ക് കടമയുണ്ട്. ക്നാനായക്കാരായ നാം നമ്മുടെ പാരമ്പര്യങ്ങളും വംശീയനിഷ്ടകളും ഇന്നും തീക്ഷ്ണതയോടെ കാത്തു പരിപാലിക്കുന്നത് വിശ്വാസം സംരക്ഷിക്കുന്നതിനും, ദൈവത്തിന്റെ ചരിത്രത്തിലെ ഇടപെടലുകളുടെ സാക്ഷ്യം നൽകുന്നതിനും ലോകം മുഴുവൻ അനുഗ്രഹമായി മാറുന്നതിനുംവേണ്ടിയാണ്. മറ്റേതൊരു സമൂഹവും സംരക്ഷിക്കുന്നതുപോലെ യഹൂദക്രൈസ്തവരായ ക്നാനായ വംശജരായ നമുക്കും നമ്മുടെ തനിമ നിലനിർത്തുവാൻ അവകാശമുണ്ട്. ആയതിനാൽ മഹത്തായ ക്രൈസ്തവ മൂല്യങ്ങളും തങ്ങൾക്ക് ദൈവത്താൽ ലഭിച്ച തനിമയും, പാരമ്പര്യങ്ങളിലും ഉറച്ച് നിന്ന് ദൈവം ആഗ്രഹിക്കുന്ന ഒരു വിശുദ്ധ ജനമായിത്തീരുവാൻ നമുക്ക് പരിശ്രമിക്കാം.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ് (സമുദായ മെത്രാപ്പോലീത്താ)**



 റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

കേരളത്തിലെ മഹാപ്രളയത്തിലും മലബാർ പ്രളയത്തിലും കോവിഡ് ആദ്യത്തെ തരംഗത്തിലും ക്നാനായ കമ്മിറ്റി പ്രവർത്തിച്ചതുപോലെ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുര്യാക്കോസ് മോർ സേവേറിയോസ് തിരുമേനി, ഇപ്പോഴത്തെ കോവിഡ് മഹാമാരിയിലും സാമ്പത്തികമായി ബുദ്ധിമുട്ടുന്ന സമുദായ അംഗങ്ങൾക്കും, ഇതര മതസ്ഥർക്കും ക്നാനായ സമുദായം ആയി ഒരു കൈത്താങ്ങ് നൽകണമെന്ന് തിരുമേനിയുടെ ആഗ്രഹം ക്നാനായ കമ്മിറ്റിയെ അറിയിക്കുക ഉണ്ടായി. തിരുമേനിയുടെ നിർദ്ദേശപ്രകാരം 04-06-2021- ൽ ചിങ്ങവനം മോർ അപ്രേം സെമിനാരിയിലെ ക്ലീമ്മീസ് സെന്ററിൽ ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഭക്ഷ്യ വസ്തു വിതരണം സമുദായ മെത്രാപ്പോലീത്താ സേവേറിയോസ് തിരുമേനി സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിലിന് ഭക്ഷ്യവസ്തു കൈമാറി ഉദ്ഘാടനം ചെയ്തു. ആക്ടിംഗ് ട്രസ്റ്റി ജെയിക്കബ് തോമസ്, വൈദിക ട്രസ്റ്റി റവ. ഫാ. മോനായി കെ. ഫിലിപ്പ്, ക്നാനായ കമ്മിറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, സാബു കണ്ണാടിപ്പുഴ, റ്റി. സി. തോമസ് തോപ്പിൽ, രാജു വള്ളപുരയ്ക്കൽ, വികാരി ജനറാൾ റവ. ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരി, ഭദ്രാസന സെക്രട്ടറി റവ. ഫാ. ഏലിയാസ് സ്കറിയാ ഇളവൻകുളം, സെമിനാരി മാനേജർ റവ. ഫാ. ഷിബിൻ മണിമലേത്ത് തുടങ്ങിയവർ പങ്കെടുത്തു.

സമുദായ അംഗങ്ങൾ ഉൾപ്പെടെ നാനാജാതിമതസ്ഥരായ ധാരാളം ആളുകൾക്ക് ഭക്ഷ്യ വസ്തുക്കൾ ചിങ്ങവനം മേഖലയിൽ മാത്രം വിതരണം ചെയ്യുവാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. ആദ്യ ദിവസം കേട്ടറിഞ്ഞു തടിച്ചു കൂടിയ ആൾക്കാരെ നിയന്ത്രിച്ചു, ഗവൺമെന്റിന്റെ കോവിഡ് പ്രോട്ടോകോൾ ലംഘിക്കാതെ ഇരിക്കുവാൻ വേണ്ടിയും, ആരോഗ്യ പ്രവർത്തകരുടെയും പോലീസിന്റെയും നിർദ്ദേശങ്ങളെ ബഹുമാനിച്ചുകൊണ്ട്, ജനബാഹുല്യം കുറയ്ക്കുന്നതിനുവേണ്ടി കൂപ്പൺ കൊടുത്ത് ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന വിതരണ സമ്പ്രദായം സമുദായ നേതൃത്വം ദൈവ കാരുണ്യം കൊണ്ട് ഏറ്റെടുത്തു നടത്തി.

കല്ലിശ്ശരി മേഖലയിലെ ഭക്ഷ്യവസ്തു വിതരണം അഭിവന്ദ്യ കുര്യാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ നിർദ്ദേശപ്രകാരം 18-06-2021 -ൽ തിരുവൻവണ്ടൂർ പള്ളിയിൽ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ വികാരി ജനറൽ റവ.ഫാ.വി.എ. ഏബ്രഹാം ഇളയശ്ശേരി പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു. കല്ലിശ്ശേരി മേഖലയിൽ ഭക്ഷ്യ വസ്തുക്കൾ അത്യാവശ്യമുള്ള എല്ലാ ദൈവാലയങ്ങളിലും വിതരണം ചെയ്തു.

അഭി. സേവേറിയേസ് തിരുമേനിയുടെ നിർദ്ദേശപ്രകാരം റാന്നി മേഖലയിലെ ഭക്ഷ്യ വസ്തു വിതരണം 21-06-2021-ൽ റാന്നി ഐത്തല സെന്റ് കുര്യാക്കോസ് ദൈവാലയ അങ്കണത്തിൽ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗ് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഓമല്ലൂർ ശങ്കരൻ അവർകൾ ഉദ്ഘാടനം ചെയ്തു. ഐത്തല പള്ളി വികാരി റവ. ഫാ. ജയിൻ തോമസ് കുളത്തുങ്കൽ സമുദായ ആക്ടിംഗ് ട്രസ്റ്റി തോമസുകുട്ടി മറ്റക്കാട്ട്, ക്നാനായ കമ്മിറ്റി അംഗം ആലിച്ചൻ ആറൊന്നിൽ, ജില്ലാ പഞ്ചായത്ത് മെമ്പർ ജോർജുകുട്ടി ഏബ്രഹാം തുടങ്ങിയവർ പ്രസംഗിച്ചു. റാന്നി മേഖലയിൽ ഭക്ഷ്യ വസ്തുക്കൾ എല്ലാ ദൈവാലയങ്ങളിലും വിതരണം ചെയ്തു.




സ്വദേശത്തും വിദേശത്തുമുള്ള സന്മനസ്സുള്ള എല്ലാവരും ഈ പുണ്യപ്രവർത്തിയിൽ സഹകരിച്ചു എന്നത് നന്ദിയോടെ ഓർക്കുന്നു. ഈ കാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളായ എല്ലാവരുടെയും ലിസ്റ്റ് കമ്മിറ്റി പ്രസിദ്ധീകരിക്കുന്നു. ചെറുതും വലുതുമായി സഹകരിച്ച എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ. തുടർന്നും സഹകരിക്കുന്നവരുടെ ലിസ്റ്റുകൾ പുറകാലെ പ്രസിദ്ധീകരിക്കുന്നതാണ്. അക്കൗണ്ട് ഡീറ്റെയിൽസ് താഴെ കൊടുക്കുന്നു.

Mor Severios Relief Fund, A/c No. 12990100146537, Fed-

eral Bank Chingavanam. IFSC: FDRL 0001299

മന്ത്രി ആയതിന് ശേഷം ആദ്യമായി ചിങ്ങവനം മോർ അപ്രേം സെമിനാരി സന്ദർശിച്ച ബഹു. മന്ത്രി ശ്രീ. വി. എൻ വാസവൻ വശം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ക്നാനായ സമുദായത്തിന്റെ ഒരു കൈത്താങ്ങായി 5 ലക്ഷം രൂപയുടെ ചെക്ക് സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി കൈമാറി. ബഹുമാനപ്പെട്ട മന്ത്രി ക്നാനായ സമുദായത്തിന്റെ വകയായി അപ്രേം സെമിനാരിയിൽ നടക്കുന്ന കിറ്റ് വിതരണം ഉൾപ്പെടെയുള്ള സാമൂഹിക പ്രവർത്തനങ്ങൾക്കുള്ള ഗവൺമെന്റിന്റെ നന്ദിയും അറിയിച്ചാണ് മടങ്ങിയത്.

മുന്നോക്ക വിഭാഗത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായി കേരള സംസ്ഥാന സർക്കാർ നിയമിച്ച കമ്മീഷൻ റിപ്പോർട്ട് കേരള ഗവൺമെന്റ് അംഗീകരിച്ചിരുന്നു. പിന്നോക്കം നിൽക്കുന്ന 164 വിഭാഗങ്ങളുടെ പട്ടികയിൽ 160–ാം നമ്പരായി ക്നാനായ സമുദായം ഉൾപ്പെട്ടിട്ടുണ്ട്. ഇതു നമ്മുടെ സമുദായത്തിന് ലഭിച്ച വലിയ ഒരു അംഗീകാരമാണ്.

ക്നാനായ സമുദായത്തെ ജാതീയമായി സർക്കാർ അംഗീകരിച്ചിരിക്കുന്നു. ഇതൊരു ചെറിയ കാര്യമല്ല. ക്നാനായ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് ഗവൺമെന്റിന്റെ കീഴിലുള്ള കോളേജുകളിലും പ്രൈവറ്റ് കോളേജുകളിലും അഡ്മിഷൻ ലഭിക്കുന്നതിനും, തൊഴിൽ ലഭിക്കുന്നതിനും, വിദ്യാർത്ഥികൾക്ക് സ്റ്റൈഫന്റ് ലഭിക്കുന്നതിനും അർഹതയുണ്ട്.

ഈ ആനുകൂല്യങ്ങളും അവസരങ്ങളും സമുദായത്തിലെ വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒരു സന്തോഷ വാർത്ത അറിയിക്കട്ടെ. എ.ഡി. 345 പ്രേക്ഷിത കുടിയേറ്റമാണ് നമ്മുടെ പിതാക്കന്മാർ മലങ്കരയിൽ നടത്തിയത്. പ്രേക്ഷിത കുടിയേറ്റത്തിന്റെ ഭാഗമായി ധാരാളം മിഷൻ പള്ളികൾ കാലം ചെയ്ത അഭി. ഇടവഴിക്കൽ ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ കാലത്ത് നമ്മൾ സ്ഥാപിച്ചിരുന്നു.

പിൽക്കാലത്ത് ആ പള്ളികളെല്ലാം നമുക്ക് നഷ്ടപ്പെട്ടു. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ചിങ്ങവനത്തെ നമ്മുടെ മിഷൻപള്ളി. അത് ഓർത്തഡോക്സ് സഭയുടെ പള്ളിയായി മാറി. നമുക്ക് വെളിയനാട്ട് മിഷൻപള്ളി ഉണ്ട്. വാകത്താനത്ത് നമുക്ക് ഒരു മിഷൻപള്ളി ഉണ്ടായിരുന്നു. ഓർത്തഡോക്സ്കാരുടെ കൈവശമായിരുന്നു അത്. കോടതി കേസ് ആയി. ഈ കമ്മിറ്റി നിലവിൽ വന്നപ്പോൾ സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ ആഗ്രഹപ്രകാരം നമ്മൾ ആ കേസ് നടത്തി എടുത്തു. കേസിൽ നമുക്ക് അനുകൂലമായി വിധി സമ്പാദിച്ചു. മെയിൻ റോഡ് സൈഡിൽ കോടി വിലമതിക്കുന്ന സ്ഥലം നമുക്ക് സ്വന്തമായി ലഭിച്ചു എന്ന കാര്യം സന്തോഷത്തോടെ സമുദായ അംഗങ്ങളെ അറിയിക്കട്ടെ. അവിടെ നമുക്ക് ഒരു ദൈവാലയം നിർമ്മിച്ച് മിഷൻ പള്ളിയായി പ്രവർത്തനം ആരംഭിക്കണം. അതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം.

ബാംഗ്ലൂരിൽ സമുദായത്തിന് സ്ഥലം ഉണ്ട്. അത് എവിടെയാണെന്നുപോലും അറിയില്ലായിരുന്നു. സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും സമുദായ സെക്രട്ടറിയും ഉൾപ്പെടെ അവിടെ പോയി താമസിച്ചു ബന്ധപ്പെട്ടവരെയെല്ലാം നേരിൽ കണ്ട് പേപ്പർ വർക്കുകൾ എല്ലാം തീർത്തു. കോടതികൾ വിലമതിക്കുന്ന സ്ഥലം നമുക്ക് ഏലുക തിരിച്ചു സ്വന്തമായി ലഭിച്ചിട്ടുണ്ട്. രാജ്യത്തെ വലിയ മൾട്ടിനാഷണൽ കമ്പനികളുടെ സ്ഥലത്തോട് ചേർന്ന് കിടക്കുന്ന സ്ഥലമായതിനാൽ മൾട്ടിനാഷണൽ കമ്പനി  അവിടെ പ്രോജക്ട് ഡവലപ്പ് ചെയ്യും. ആ കൂട്ടത്തിൽ നമ്മുടെ സ്ഥലവും ഡവലപ്പ് ചെയ്യുവാനുള്ള ചർച്ചകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ചർച്ചകൾ തുടർന്നു കൊണ്ടിരിക്കുന്നു. ഈ സംരംഭം പൂർത്തിയാകുമ്പോൾ ബാംഗ്ലൂർ നഗരത്തിൽ ക്നാനായ സമുദായത്തിന് കോടികളുടെ സ്വത്ത് ആണ് ഉണ്ടാകുവാൻ പോകുന്നത്. തോട്ടയ്ക്കാട്ട് ഉള്ള സമുദായം വക സ്ഥലത്ത് ആർട്സ് കോളേജ് നിർമ്മിക്കുന്നതിന് മാസ്റ്റർ പ്ലാൻ ലോക പ്രസിദ്ധ ആർക്കിടെക്ട് പത്മശ്രീ ഡോ. ജി ശങ്കർ രൂപകല്പന ചെയ്തുകൊണ്ടിരിക്കുകയാണ്. കോളേജിന്റെ അംഗീകാരത്തിനുവേണ്ടി സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉൾപ്പെടെ ഞങ്ങൾ എം. ജി യൂണിവേഴ്സിറ്റി വൈസ് ചാൻസലറുമായിട്ടുള്ള മീറ്റിംഗ് കഴിഞ്ഞു. യൂണിവേഴ്സിറ്റിയിൽ ആപ്ലിക്കേഷൻ സമർപ്പിച്ചു. ദൈവം സഹായിച്ചാൽ അടുത്ത അദ്ധ്യയന വർഷം ക്ലാസ്സുകൾ ആരംഭിക്കത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ധാരാളം സമുദായ അംഗങ്ങൾക്ക് തൊഴിൽ ലഭിക്കുവാനുള്ള സാധ്യതയും അവിടെയുണ്ട്.

ഓതറ ഫാർമസി കോളേജിൽ ഈ വർഷം 40 അഡീഷണൽ സീറ്റ് കൂടി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് തലത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. അത് ലഭിക്കുമെന്ന് ദൈവത്തിൽ ശരണപ്പെടുന്നു.

നമ്മുടെ ക്നാനായ ഭരണഘടനയും, വംശശുദ്ധിയും, പാരമ്പര്യവും സംരക്ഷിക്കുവാൻ എല്ലാ സമുദായ അംഗങ്ങളും, ബഹുമാനപ്പെട്ട വൈദിക ശ്രേഷ്ഠരും, അഭി. മെത്രാച്ചൻമാരും, നമ്മൾ ഒരേ രക്തമാണ് എന്ന് തിരിച്ചറിഞ്ഞു ഒരുമിച്ച് ഒറ്റക്കെട്ടായി നിന്ന് പ്രവർത്തിക്കുവാൻ പ്രതിജ്ഞാബദ്ധരാണ്. അങ്ങനെയായാൽ ഈ സമുദായത്തിലെ അഭിപ്രായവ്യത്യാസങ്ങൾ എല്ലാം തീരും. ഈ സമുദായത്തെ നമുക്ക് ഉയരങ്ങളിൽ എത്തിക്കുവാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ക്നാനായ കമ്മിറ്റിയുടെയും സമുദായ സെക്രട്ടറി എന്ന നിലയിൽ എന്റെയും പ്രവർത്തനങ്ങളെ ആരോഗ്യപരമായും, മാന്യമായും വിമർശിക്കുന്നതിനെ സ്വാഗതം ചെയ്യുന്നു. വിമർശനം ആരോഗ്യപരമായാൽ അത് വളർച്ചയിലേക്ക് ഉള്ള പാത ആവും.

എന്നാൽ ഫെയ്ക്ക് ഐഡിയിലൂടെയും അല്ലാതെയും വ്യക്തിപരമായി അധിക്ഷേപിച്ച് തേജോവധം ചെയ്യുന്നതു വികസിത സമൂഹത്തിനും ആത്മാഭിമാനം ഉള്ളവർക്കും ചേർന്നതല്ല എന്ന് അറിയിക്കട്ടെ. അവരോട് ദൈവം ക്ഷമിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു. നമ്മെ എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

ക്നാനായ കമ്മിറ്റിക്കുവേണ്ടി

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

സമുദായ സെക്രട്ടറി

# ക്നാനായത്വം



ഡോ. അയൂബ് സിൽവാനോസ് മെത്രാപ്പോലീത്ത

ക്നാനായത്വം എന്നാൽ എന്താണ്? ക്നാനായത്വം ഒരു വികാരമാണ്. എന്തുകൊണ്ടാണ് ക്നാനായത്വം വികാരമാകുന്നത്? അത് രക്തത്തിൽ അലിഞ്ഞുചേർന്നതുകൊണ്ടാണ്. ഒരാൾ സമർത്ഥനാണെങ്കിൽ അദ്ദേഹം ജീവിതത്തിൽ ഉയർന്ന നിലയിൽ ചെന്നെത്തിയേക്കാം. ഒരാൾ ഉത്സാഹിയാണെങ്കിൽ അദ്ദേഹം വലിയ ധനവാനായെന്നുമിരിക്കാം. വലിയ ജ്ഞാനമുള്ള ആളാണെങ്കിൽ സമൂഹത്തിൽ ബഹുമാനിതനായെന്നുമിരിക്കാം. എന്നാൽ സ്വയപരിശ്രമംകൊണ്ട് ആർക്കും ക്നാനായക്കാരനാകാൻ കഴിയില്ല. അത് ജന്മനാ ദൈവം തരുന്ന ഒരു വരദാനമാണ്. അത് ദൈവീകമാണ്. ഒരു രാജ്യത്തിന്റെ പൗരത്വം ജന്മനാ ലഭിക്കും. ഒപ്പംതന്നെ ആ രാജ്യത്തേയ്ക്ക് നിബന്ധനകൾക്ക് വിധേയമായി കുടിയേറിയാലും ആ രാജ്യത്തിന്റെ പൗരത്വം ലഭിച്ചേക്കും. എന്നാൽ ജന്മനാ മാത്രം ലഭിക്കുന്നതാണ് ക്നാനായ സമൂഹത്തിലെ പൗരത്വം.

**ക്നാനായത്വം എങ്ങനെ നമ്മിൽ വന്നുചേർന്നു**

ഈ തലമുറയിൽ ജീവിച്ചിരിക്കുന്ന നമ്മിലേയ്ക്ക് ക്നാനായത്വം എങ്ങനെ വന്നുചേർന്നുവെന്ന് ചിന്തിച്ചിട്ടുണ്ടോ? നമ്മുടെ പൂർവികർ 18 നൂറ്റാണ്ടുകളിലൂടെ സംരക്ഷിക്കുകയും തലമുറകളുടെ രക്തത്തിലൂടെ കൈമാറുകയും ചെയ്തതിലൂടെയാണ് എന്നിലും നിങ്ങളിലും ക്നാനായത്വം വന്നുചേർന്നത്. അതൊരു നിസ്സാരകാര്യമല്ല. സാമ്പത്തിക ഞെരുക്കത്തിന്റെ പ്രയാസങ്ങളും സൗഭാഗ്യങ്ങളുടെ പ്രലോഭനങ്ങളും വേണ്ടെന്നുവച്ചാണ് ഈ വിശ്വാസം അവർ കാത്തുസൂക്ഷിച്ചത്. നമ്മിലേക്ക് ഈ ക്നാനായത്വം വന്നുചേർന്നതിലൂടെ വലിയ ഒരു ഉത്തരവാദിത്വവും ജന്മനാതന്നെ നമ്മിൽ ഭരമേല്പിക്കപ്പെടുന്നു. ഇത് കൈമോശം വരാതെ സൂക്ഷിച്ച് അടുത്ത തലമുറയിലേയ്ക്ക് കൈമാറണമെന്നതാണ് നമ്മുടെ ഉത്തരവാദിത്വം. നൂറ്റാണ്ടുകളായി കൈമാറിയ ഒരു പാരമ്പര്യത്തിന്റെയും വിശ്വാസത്തിന്റെയും അവസാനത്തെ കണ്ണിയാകാൻ നാം നിമിത്തമായി തീരരുത്. ആ ഒരു കണ്ണി എന്നിലൂടെ മുറിയരുതെന്ന് ഓരോരുത്തരും തീരുമാനിക്കണം.

ക്നാനായക്കാരനായ ഒരു വ്യക്തി അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കാൻ ശ്രമിക്കണം. രണ്ടോ മൂന്നോ മുൻ തലമുറവരെ മാത്രമേ നമുക്ക് നമ്മുടെ പൂർവ്വികരെ തിരിച്ചറിയാൻ കഴിയൂ. എഴുതപ്പെട്ട കുടുംബ ചരിത്രമുണ്ടെങ്കിൽ ചിലപ്പോൾ അല്പം കൂടി പിന്നോട്ട് പോകാൻ കഴിയുമായിരിക്കും. എന്നാൽ അതിനും അപ്പുറം നൂറ്റാണ്ടുകളിലൂടെ നമ്മുടെ പൂർവ്വികർ കാത്തുസൂക്ഷിച്ച വിശ്വാസം നമ്മളാണ് കളഞ്ഞുകുളിക്കുന്നതെങ്കിൽ നാം പല രീതിയിൽ തെറ്റുകാരാകും. മുൻപ് സൂചിപ്പിച്ചതുപോലെ തിരഞ്ഞെടുക്കപ്പെട്ട ജാതിയായി നാം മാറിയത് ദൈവീക പദ്ധതിയിലൂടെയാണ്. അത് നഷ്ടമാക്കുക വഴി ആദ്യം നാം ദൈവമുമ്പാകെ തെറ്റുകാരാകുന്നു. രണ്ടാമത് നമ്മുടെ പൂർവ്വികരോട് നാം തെറ്റ് ചെയ്യുന്നു. മൂന്നാമത് വലിയ ഒരു ചരിത്രസത്യം നമ്മുടെ ജീവിതത്തിലൂടെ കാത്തുസൂക്ഷിക്കേണ്ട നാം അത് നഷ്ടമാക്കുക വഴി സമൂഹത്തോട് തെറ്റു ചെയ്യുന്നു.

**ക്നാനായത്വം ആക്രമിക്കപ്പെടുന്നു**

സമൂഹത്തിന്റെ ചരിത്രവഴികളിൽ സംഭവിച്ച ഒരു കുടിയേറ്റത്തിന്റെ പശ്ചാത്തലവും അതിന്റെ കാരണങ്ങളും മനസ്സിലാക്കാതെ സ്വവംശവിവാഹത്തിന്റെ പേരിലും തനിമയുടെ പേരിലും ക്നാനായ സമൂഹം ഇന്ന് സമൂഹമാധ്യമങ്ങളിൽ വളരെ ആക്രമിക്കപ്പെടുന്നു. ഇന്ത്യയിൽ ക്രൈസ്തവർ ന്യൂനപക്ഷമാണ്. ആ ന്യൂനപക്ഷത്തിലെ ന്യൂനപക്ഷമാണ് ക്നാനായ സമൂഹം. മറ്റാർക്കും ദോഷം ചെയ്യാതെ സമൂഹത്തിന്റെ മുഖ്യധാരയിൽ ചേർന്നുപോകുന്ന നമ്മെ എന്തിന് മറ്റുള്ളവർ പരിഹസിക്കാൻ ശ്രമിക്കുന്നു. ഇതിനു പിന്നിൽ ഒരു മനഃശാസ്ത്രമുണ്ട്. ചെറുതാണെങ്കിലും മറ്റുള്ളവരിൽ നിന്ന് വേറിട്ട അസ്തിത്വമുള്ള ഒരു സമൂഹത്തോടുള്ള അസ്വസ്ഥതയാണിത്. തങ്ങൾക്കില്ലാത്ത ഒരു മഹത്വത്തെ തുച്ഛീകരിക്കാനുള്ള ഒരു ശ്രമവും ഇതിന്റെ പിന്നിലുണ്ട്. അതിനെ അതിന്റെ വഴിക്കുവിടാം.

വിവിധ ക്രൈസ്തവവിഭാഗങ്ങളെ ശ്രദ്ധിച്ചാൽ നമ്മുടെ തനതായ പല ആചാരങ്ങളെയും വികലമായി അനുകരിക്കാൻ ശ്രമിക്കുന്നത് അടുത്തയിടെ കൂടുതലായി കാണാം. നമ്മുടെ പുരാതന പാട്ടുകളുടെ ഈണത്തിൽ തന്നെ അവരുടെ പാട്ടുകൾ ക്രമീകരിക്കുക, ചന്തം ചാർത്തിന്റെയും മൈലാഞ്ചിയിടലിന്റെയും മാതൃകയിൽ ചില പരിപാടികൾ നടത്തുക എന്നതൊക്കെ ഇതര വിഭാഗങ്ങൾ ചെയ്തു വരുന്നു. ഒരു വശത്ത് നമ്മുടെ ആചാരങ്ങളെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുന്നവർ തന്നെയാണ് മറുവശത്ത് അവയെ വികലമായി അനുകരിക്കുന്നത്. ഇതിൽ നിന്ന് നമ്മുടെ തനതായ ആചാരങ്ങളോടുള്ള അസഹിഷ്ണുതയുടെ കാരണം മനസ്സിലാക്കാമല്ലോ.

**സ്വവംശീയത സൂക്ഷിക്കുന്നവർ ക്നാനായക്കാർ മാത്രമോ?**

ക്നാനായക്കാർക്ക് മാത്രമായി എന്താണ് സ്വവംശ നിഷ്ഠയെന്ന പ്രത്യേകത എന്ന് ചോദിക്കുന്നവരുണ്ടാകാം. അബ്രഹാം തന്റെ മകന് വധുവിനെ തേടിയപ്പോൾ സ്വവംശത്തിൽ നിന്ന് തിരഞ്ഞെടുക്കണമെന്ന് ഏലിയാസറിനെ പറഞ്ഞേല്പിക്കുന്നതും അതിന്റെ കാരണങ്ങളും വി. വേദപുസ്തകം തന്നെ സാക്ഷ്യപ്പെടുത്തുന്നു. സ്വവംശനിഷ്ഠയുടെ വേദശാസ്ത്ര അടിസ്ഥാനം കൂടുതൽ വിശദീകരിക്കുന്നില്ല.

നമ്മുടെ രാജ്യത്ത് തന്നെയുള്ള പാഴ്സി, സിഖ് സമൂഹങ്ങളെ നോക്കുക. അവരെല്ലാം സ്വവംശനിഷ്ഠ പാലിക്കുന്നവരാണ്. രാജ്യത്തിന്റെ ഭരണഘടനപോലും അത് അംഗീകരിക്കുന്നു. മതേതര രാജ്യമായിട്ടും ഇന്ത്യൻ സൈന്യത്തിൽ സിഖുകാരുടെ പേരിൽ പ്രത്യേക രജിമെന്റുണ്ട്. എന്തിനേറെ സൈന്യത്തിലും പോലീസിലും ഏത് റാങ്കിലാണെങ്കിലും മതവിശ്വാസത്തിന്റെ ഭാഗമായ തലപ്പാവ് ധരിക്കാൻ സിഖുകാർക്ക് അനുമതിയുണ്ട്. ഇത് ലോകത്ത് എല്ലായിടത്തുമുണ്ട്. റെഡ് ഇന്ത്യക്കാർ എന്ന പേരിൽ അറിയപ്പെടുന്ന അമേരിക്കയിലെ തദ്ദേശീയർക്കും യൂറോപ്പിൽ നിന്ന് കുടിയേറിയ

അമീഷ് സമൂഹത്തിനും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായ അവകാശങ്ങൾ നൽകിയിട്ടുണ്ട്.

സ്വന്തം വംശനിഷ്ഠയും ആചാരാനുഷ്ഠാനങ്ങളും കാത്തു സൂക്ഷിക്കുന്നതിൽ യഹൂദരോളം മറ്റാരുണ്ട്? ലോകമെങ്ങും ചിതറപ്പെട്ട യഹൂദ സമൂഹം തലമുറകളായി അഭയാർത്ഥികളായി പാർത്ത രാജ്യങ്ങളിൽ നിന്ന് ഇസ്രയേൽ എന്ന വാഗ്ദത്തഭൂമിയിലേയ്ക്ക് വന്നുചേർന്നത് എന്തിനുവേണ്ടിയായിരുന്നു? വിവിധ രാജ്യങ്ങളിൽ നിന്ന് വന്നവർ വിവിധ ഭാഷ, സംസ്ക്കാരം എന്നിവ പേറുന്നവരായിട്ടും യഹൂദൻ എന്ന ഒറ്റവികാരത്തിൽ അവർ ഒത്തുചേർന്നു. തരിശുഭൂമി കൃഷിയിടമാക്കി. ശാസ്ത്രത്തിൽ വളർന്ന് ലോകത്തെ നിയന്ത്രിച്ചു. ഈ വിജയത്തിന്റെ കാരണമെന്താണ്? സ്വന്തം സ്വത്വബോധവും തനത് സംസ്ക്കാരവും കാത്തുസൂക്ഷിക്കണമെന്ന വികാരവും ദൃഢനിശ്ചയവും മാത്രമാണ് ഇതിനാധാരം.

**സ്വയം നഷ്ടപ്പെടുത്തിയവർ വിലപിക്കുന്നതെന്തിന്?**

ക്നാനായത്വമെന്ന വികാരം സ്വയം നഷ്ടപ്പെടുത്തിയ ചിലർ നഷ്ടപ്പെട്ടതിനെ ഇല്ലാതാക്കാൻ ഇപ്പോൾ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. ആർക്കും ക്നാനായത്വം നൽകാൻ മറ്റൊരാൾക്ക് കഴിയാത്തതുപോലെ തന്നെ ഒരാളുടെ ക്നാനായത്വം ഇല്ലാതാക്കാനും മറ്റൊരാൾക്ക് കഴിയില്ല. സ്വയം നഷ്ടപ്പെടുത്തിയ അവകാശം തിരികെ ലഭിക്കാൻ എന്തിന് പാടുപെടുന്നു? ആരെയും ഈ സമൂഹം പുറത്താക്കുന്നില്ല. ഈ സമൂഹത്തിന്റെ നിയമങ്ങൾ അറിഞ്ഞുകൊണ്ടു തന്നെ സ്വാർത്ഥ താൽപര്യങ്ങൾക്കായി പുറത്തുപോയശേഷം എന്തിന് ക്നാനായത്വത്തെ അവഹേളിക്കുന്നു?

**സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം എല്ലാവർക്കുമുണ്ട്?**

ഒരു സമൂഹത്തിലെ പൗരന്മാരെ ബോധവത്കരിക്കേണ്ടത് വളരെ ചെറിയപ്രായത്തിൽ ആയിരിക്കണം. ക്നാനായ സമൂഹത്തിന്റെ വിശ്വാസ ആചാരങ്ങളെക്കുറിച്ചും തനിമയെക്കുറിച്ചും അതിന്റെ ശ്രേഷ്ഠതയെക്കുറിച്ചും കുഞ്ഞുങ്ങളെ പഠിപ്പിക്കാനും അതിൽ അവരെ നിലയുറപ്പിച്ച് നിർത്താനുമുള്ള ഉത്തരവാദിത്വം മുതിർന്നവർക്കുണ്ട്. മുമ്പ് പ്രായമുള്ളവരുടെ മടിയിൽ ഇരുന്ന് കുഞ്ഞുങ്ങൾ കേട്ടുപഠിച്ച പുരാതനവും തനതായതുമായ സംസ്ക്കാരത്തെക്കുറിച്ചുള്ള പാഠങ്ങൾ അവർക്ക് പകർന്നു നൽകാനാകണം. 'ഭവന വിദ്യാഭ്യാസ'ത്തിന്റെ കുറവ് വളരെയേറെ ദൃശ്യമാണിന്ന്.

മറ്റൊരു ഗൗരവമായ കാര്യംകൂടി. കേൾക്കുമ്പോൾ നിസ്സാരമെന്ന് തോന്നാമെങ്കിലും ആലോചിക്കുമ്പോൾ പ്രധാനമാണെന്ന് കാണാം. കൂട്ടുകുടുംബങ്ങൾ അണു കുടുംബങ്ങൾ ആയി മാറിക്കഴിഞ്ഞു. സാമൂഹ്യ സാഹചര്യങ്ങളിൽ അവയെ കൂട്ടുകുടുംബങ്ങളായി തിരികെ കൊണ്ടുവരാൻ ഇനി സാധ്യമല്ല. വീടുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു. കഴിഞ്ഞ തലമുറയിലെ അഞ്ചും ആറും കുട്ടികൾ മൂന്നിലേക്കും രണ്ടിലേക്കും ഇപ്പോൾ ചിലയിടത്തെങ്കിലും ഒന്നിലേയ്ക്കും ചുരുങ്ങി. ഒരു സമൂഹത്തിന് നിലനിൽക്കണമെങ്കിൽ കുറഞ്ഞത് മൂന്ന് കുട്ടികളെങ്കിലും വേണമെന്നാണ് സാമൂഹ്യപഠനങ്ങൾ തെളിയിക്കുന്നത്. എല്ലായിടത്തും രണ്ട് കുട്ടികളേയുള്ളൂവെങ്കിൽ അവരുടെ താൽപര്യത്തിനനുസരിച്ച തിരഞ്ഞെടുപ്പുപോലും വിവാഹകാര്യത്തിൽ നടപ്പായില്ലെന്ന് വരും. ഒരു ഭാഗത്ത് വിശ്വാസാചാരങ്ങൾ സംരക്ഷിക്കുന്നതിനൊപ്പംതന്നെ പ്രധാനമാണ് നിലനിൽപ്പിന്റെ കാര്യത്തിൽ അംഗസംഖ്യയും. ഇക്കാര്യത്തിലും വേണ്ടത്ര പ്രോത്സാഹനം നൽകാൻ ഇടവകകൾക്കും സമുദായത്തിനും കഴിയണം. ഒരു ചെറിയ ജനതയുടെ നിലനില്പിനും അതിജീവനത്തിനും അതിന്റെ തനിമയും അംഗബലവും പ്രധാനം തന്നെയാണ്. എങ്കിൽ മാത്രമേ വംശനാശം വരാതെയുള്ള ഒരു സമൂഹമായി നാം നിൽക്കുകയുള്ളൂ.

**സാമുദായിക തലത്തിൽ ചെയ്യുവാൻ കഴിയുന്ന കാര്യങ്ങൾ**

വേദപഠന ക്ലാസ്സുകൾക്ക് പുറമെ 13 വയസ്സിനുമുകളിലുള്ള കുട്ടികൾക്ക് പ്രത്യേക പഠനക്ലാസ്സുകൾ മാസത്തിൽ രണ്ട് പ്രാവശ്യമെങ്കിലും സംഘടിപ്പിക്കണം. ക്നാനായത്വത്തിന്റെ അടിസ്ഥാനവും ആചാരവും ചരിത്രവുമൊക്കെ ഈ പഠന ക്ലാസ്സുകളിലൂടെ പകർന്ന് നൽകണം. വർഷത്തിലൊരിക്കൽ നടത്തുന്ന സമാജം കൂടാതെ നാല് മാസത്തിലൊരിക്കൽ വിവിധ ഇടവകകളെ സംയോജിപ്പിച്ചുകൊണ്ടുള്ള കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കണം. ആൺ പെൺ വ്യത്യാസമില്ലാതെ 13 വയസ്സിനു മുകളിലുള്ള കുട്ടികളെ പങ്കെടുപ്പിക്കാനും അവർക്ക് പരസ്പരം കാണുവാനും സംസാരിക്കാനും മറ്റ് ഇടവകകളിൽ നിന്ന് വരുന്നവരെ പരിചയപ്പെടാനുമുള്ള അവസരങ്ങൾ ബോധപൂർവ്വം സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്.

വിവാഹാലോചനകളിൽ കാണിക്കുന്ന 'ഡിമാന്റുകൾ' ഒരു പരിധിവരെ ഒഴിവാക്കിയാൽ പല വിവാഹങ്ങളും സമുദായത്തിനുള്ളിൽത്തന്നെ സാധ്യമാകും. ഒരു ഡിമാന്റും സന്തോഷമുള്ള കുടുംബ ജീവിതം പ്രദാനം ചെയ്യുകയില്ല. പ്രാർത്ഥനയോടെ പുതിയ ജീവിതം തുടങ്ങാൻ കഴിയണം. വിവാഹപ്രായമെത്തിയിട്ടും അവിവാഹിതരായി കഴിയുന്ന യുവതീയുവാക്കളുടെ ലിസ്റ്റ് തയ്യാറാക്കി സമുദായത്തിലോ, ഇടവകകൾ തമ്മിലോ പങ്കുവയ്ക്കാൻ ഒരു ജാലകമുണ്ടാകണം. വിവാഹ കൗൺസിലിംഗ് സെന്ററിന്റെ നേതൃത്വത്തിൽ ഇത് ഫലപ്രദമായി നടപ്പാക്കാം.

ക്നാനായ ആചാരങ്ങൾ വേദപുസ്തകാടിസ്ഥാനത്തിൽ ക്രമീകരിക്കപ്പെട്ടവയാണ്. എന്നാൽ അവയെ പലപ്പോഴും വികലമാക്കുന്ന രീതിയിലാണ് ആചരിക്കുന്നത്. മുലകുടി മാറാത്ത കുട്ടികളെക്കൊണ്ടുപോലും ഇച്ചപ്പാട് വയ്പിക്കുക, നുള്ളി കൊടുപ്പിക്കുക തുടങ്ങിയവ ഒഴിവാക്കണം. ഓരോന്നിനും അതിന്റേതായ ചിട്ടയുണ്ട്. അത് പാലിക്കപ്പെടണം. ഓരോ സമൂഹവും അവരുടെ ആചാരം പാവനമായി കാണുമ്പോൾ ഒരു ചിരിയരങ്ങിന്റെ ലാഘവത്തോടെ നമ്മുടെ ആചാരങ്ങൾ വികൃതമാക്കാൻ നാം കൂട്ടുനിൽക്കരുത്. അങ്ങനെ ചെയ്യുമ്പോൾ ഇതിലൊന്നും വലിയ കാര്യമില്ലെന്ന ചിന്ത കാഴ്ചക്കാരിലുമുണ്ടാകും. വി. ത്രിത്വത്തിന്റെ മഹിമയെ ദ്യോതിപ്പിക്കുന്ന മൂന്ന് പ്രാവശ്യമുള്ള ചോദ്യങ്ങൾക്ക് "കേട്ടില്ല കേട്ടില്ല"എന്ന ഗാനാലാപനം എത്ര അർത്ഥരഹിതവും വികലവുമാണെന്ന് ചിന്തിക്കുക. നമ്മുടെ പുരാതന പാട്ടുകൾ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പാട്ടാണെന്ന് വാദിക്കുന്നവരുടെ നാട്ടിൽ നമ്മുടെ അനുഷ്ഠാനങ്ങളും ആചാരങ്ങളും നാം സംരക്ഷിക്കുന്നില്ലെങ്കിൽ അവ കൈമോശം വരാം. ഒരു സമൂഹത്തിന്റെ കുടിയേറ്റവും ചരിത്രവും സംസ്ക്കാരവും അന്യംനിന്ന് പോകാതെ നിലനിർത്താനുള്ള ഉത്തരവാദിത്വം എല്ലാവർക്കുമുണ്ട്. ക്നാനായത്വമെന്ന വികാരം സിരകളിൽ വഹിക്കുന്നവർക്കും അത് ഉയർത്തിപ്പിടിക്കുന്നവർക്കും അവ സംരക്ഷിക്കാനും പ്രതിജ്ഞാബദ്ധരാകണമെന്ന് ഓർമ്മിപ്പിക്കുന്നു. കാരണം അത് നമ്മുടെ പൈതൃകവും അവകാശവുമാണ്. 'ക്നാനായക്കാരൻ' എന്നത് നമ്മുടെ ആത്മാഭിമാനത്തിന്റെ അടയാളമായി എക്കാലവും നിലനിൽക്കട്ടെ.

●

# പരിശുദ്ധാത്മാവിന്റെ വരങ്ങളിൽ ഏറ്റം വലിയ വരം എന്ത്?




പരിശുദ്ധാത്മാവിന് ഫലങ്ങളും വരങ്ങളും ഉണ്ട്. ആത്മാവിന്റെ ഫലം - സ്നേഹം, സന്തോഷം,സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്ഥത, സൗമ്യത, ഇന്ദ്രിയജയം എന്നിവയാണ്. (ഗലാത്യ.5:22-23). "വൃക്ഷത്തെ ഫലം കൊണ്ടറിയാം" എന്ന് നമ്മുടെ കർത്താവ് പറഞ്ഞതുപോലെ ക്രിസ്തുവിൽ പുതിയ സൃഷ്ടിയായി തീർന്ന എല്ലാവരിലും ഈ ഫലം ഉണ്ടാകേണ്ടതാണ്. ഫലം ഒരു വിശ്വാസിയുടെ നല്ല ജീവിതം കൊണ്ടും, പ്രയത്നം കൊണ്ടും, പ്രവർത്തനങ്ങൾ കൊണ്ടും ലഭിക്കുന്നതാണ്. എന്നാൽ ആത്മാവിന്റെ വരങ്ങൾ ആരുടെയും പ്രവർത്തികൾ കൊണ്ടു ലഭിക്കുന്നതല്ല, പ്രത്യുത അത് ദൈവത്തിന്റെ ദാനമാണ്. പ്രവചനവരം, ശുശ്രൂഷാവരം, ഉപദേശം, ഭാഷാവരം, പ്രാർത്ഥന, രോഗശാന്തിവരം എന്നിങ്ങനെ പരിശുദ്ധാത്മാവിന്റെ വിവിധ വരങ്ങൾ വ്യത്യസ്ഥരായ വ്യക്തികൾക്ക് ദൈവം വിഭജിച്ചു നൽകുന്നു. എല്ലാ വരങ്ങളും എല്ലാ കാലത്തും ഉണ്ടാകണമെന്നുമില്ല.

പരിശുദ്ധാത്മാവിന്റെ ഏറ്റം വലിയവരം ഭാഷാവരമാണെന്ന് വിശ്വസിക്കുകയും അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്ന ചില നൂതന സഭകളുണ്ട്. എന്നാൽ ഭാഷാവരം എന്നത് സുവിശേഷത്തിന്റെ പ്രഘോഷണാർത്ഥം മാത്രം ശ്ലീഹന്മാർക്ക് നൽകപ്പെട്ടതാണ്. പരിശുദ്ധാത്മാവ് സ്ഥിരവാസത്തിനായി ഭൂമിയിൽ വന്നപ്പോൾ എബ്രായ ഭാഷയോ, അറമായ ഭാഷയോ മാത്രം വശമുള്ള ശ്ലീഹന്മാർക്ക് വിവിധ ഭാഷാവരം ലഭിക്കുകയും അവർ സംസാരിച്ചത് അന്ന് യരുശലേമിൽ ഉണ്ടായിരുന്ന പതിനെട്ടോളം ഭാഷക്കാർക്ക് ആരും വിവർത്തനം ചെയ്യാതെ അവരവരുടെ ഭാഷയിൽ മനസ്സിലായതായി അപ്പോസ്തോലപ്രവർത്തികൾ രണ്ടാം അദ്ധ്യായത്തിൽ നാം കാണുന്നു. (Act.2:1-13).

കർത്താവിന്റെ ശിഷ്യന്മാരിൽ അധികവും സാധാരണക്കാരും വിവിധ ഭാഷകൾ വശം ഇല്ലാത്തവരും ആയിരുന്നു. അവരെയാണ് ലോകത്തിന്റെ നാനാഭാഗത്തും പോയി സുവിശേഷം അറിയിക്കുവാൻ കർത്താവ് പറഞ്ഞയച്ചത്. അവർക്ക് ഭാഷാവരം ലഭിച്ചില്ലങ്കിൽ അവർക്ക് എങ്ങനെ സുവിശേഷം അറിയിക്കുവാൻ സാധിക്കും.

ഉദാഹരണമായി എ.ഡി. 52 ൽ മോർ തോമ്മാശ്ലീഹാ ഭാരതത്തിൽ വന്നു സുവിശേഷം അറിയിച്ചതായി മലങ്കര സഭകൾ വിശ്വസിക്കുന്നു. അറമായ ഭാഷമാത്രം വശമായ അദ്ദേഹം അതേഭാഷയിൽ സുവിശേഷം പ്രസംഗിച്ചാൽ ആർക്കു മനസ്സിലാകും. ഒന്നുകിൽ അദ്ദേഹം തന്റെ സ്വന്തഭാഷയിൽ സംസാരിച്ചത് മലങ്കരയിൽ ഉള്ളവർക്ക് അവരുടെ ഭാഷയിൽ മനസ്സിലായി, അല്ലെങ്കിൽ മലയാള ഭാഷയിൽ സംസാരിക്കുവാനുള്ള കഴിവ് അദ്ദേഹത്തിനു ലഭിച്ചു എന്നു മനസ്സിലാക്കാം. അതാണു ഭാഷാവരം. ക്രൈസ്തവ സഭയുടെ പ്രാരംഭകാലത്ത് ഭാഷാവരം അനിവാര്യമായിരുന്നു. ഒരേ ഭാഷ സംസാരിക്കുന്ന വിശ്വാസികൾ കൂടി വന്ന് ആരാധിക്കുന്നിടത്ത് ഭാഷാവരത്തിന്റെ ആവശ്യം ഇല്ല. വിശ്വാസികൾ ഒന്നിച്ചു കൂടി ആരാധിക്കുന്നതിന് ഭാഷയുടെ അതിർവരമ്പുകൾ ഇല്ലാതെയാവുക എന്നതാണ് ഭാഷാവരത്തിന്റെ ലക്ഷ്യം. ഒരാൾക്ക് സ്വന്തമല്ലാത്ത ഭാഷയെല്ലാം അന്യഭാഷയാണ്. അതു വെറും ശബ്ദമല്ല. ഭൂമിയിലുള്ള ഏതെങ്കിലും ഭാഷയായിരിക്കും. അന്യഭാഷയിൽ സംസാരിക്കണം എന്നു വാശിപിടിച്ച കൊരിന്ത്യ സഭയോട് അപ്പോസ്തോലനായ വി. പൗലോസ് പറയുന്നത്, അന്യഭാഷയിൽ പതിനായിരം വാക്കുകൾ പറയുന്നതിനേക്കാൾ ബുദ്ധികൊണ്ട് അഞ്ചുവാക്കു പറയുന്നതാണ് ഉത്തമം എന്നത്രേ (1.കൊരി. 14:19).

പരിശുദ്ധാത്മാവിന്റെ വരങ്ങളിൽ ഏറ്റം വലുതും അതിശ്രേഷ്ടവുമായ വരം ആയി വി. പൗലോസ് ശ്ലീഹാ പറയുന്നത്. "സ്നേഹം" എന്ന വരമാണ് (1 കൊരി. 12:31). 1 കൊരിന്ത്യർ 13-ാം അദ്ധ്യായം മുഴുവൻ സ്നേഹത്തിന്റെ സ്വഭാവവും അതിന്റെ പ്രവർത്തന രീതിയും ശ്ലീഹാ പറയുന്നു.

നമ്മുടെ കർത്താവിന്റെ പഠിപ്പിക്കലിന്റെയും പ്രവർത്തനങ്ങളുടെയും എല്ലാം അന്ത:സത്ത സ്നേഹം ആണ്. പഴയനിയമം നിയമത്തിന്റെ ശക്തിയായി (Power of Law) അറിയപ്പെടുമ്പോൾ പുതിയനിയമം സ്നേഹത്തിന്റെ ശക്തിയായി (Power of Love) അറിയപ്പെടുന്നു. ന്യായപ്രമാണത്തിലെ ഏറ്റവും വലിയ കല്പന ഏത് എന്ന ചോദിച്ച ശാസ്ത്രിയോട് യേശുതമ്പുരാൻ രണ്ടു സ്നേഹത്തെക്കുറിച്ചാണ് പറഞ്ഞത്. ഒന്ന് "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ആത്മാവോടും, പൂർണ്ണമനസ്സോടും, പൂർണ്ണശക്തിയോടും കൂടി സ്നേഹിക്കുക" എന്നും, രണ്ടാമത് "നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക" എന്നും (മർക്കോസ് 12:28-34, മത്തായി 22:34-40). ന്യായപ്രമാണവും പ്രവാചകന്മാരും എല്ലാം ഈ രണ്ടു സ്നേഹത്തിൽ അടങ്ങിയിരിക്കുന്നു എന്നും കർത്താവു പറഞ്ഞു.

ഒരുവനിൽ പരിശുദ്ധാത്മാവ് ഉണ്ടോ എന്ന് തിരിച്ചറിയാനുള്ള സൂചന വി. ബൈബിളിൽ പറയുന്നത് "പരിശുദ്ധാത്മാവിൽ അല്ലാതെ യേശുകർത്താവ് എന്ന് പറയുവാൻ ആർക്കും കഴിയുകയില്ല. (1 കൊരി.12:3). കൂടാതെ പരിശുദ്ധാത്മാവ് ഒരുവനിൽ വരുമ്പോൾ പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും അവന് ബോധ്യം വരുത്തും (യോഹ.16:8). അതായത് യേശുവിനെ കർത്താവെന്ന് ഏറ്റു പറയുവാനും അവനിൽ വിശ്വസിക്കാനും സാധിക്കുന്നതും, പാപബോധം ഉണ്ടാവുകയും ചെയ്യുന്നത് ആ വ്യക്തിയ്ക്ക് പരിശുദ്ധാത്മാവ് ഉണ്ട് എന്നതിന്റെ സൂചനയായി കാണാവുന്നതാണ്.

ചുരുക്കത്തിൽ എല്ലാ വരങ്ങളും നിന്നു പോവുകയോ, നീങ്ങിപ്പോവുകയോ ചെയ്യും (1 കോരി.13:8). എന്നാൽ ഒരിക്കലും നീങ്ങിപ്പോകാത്തതും നിത്യവും അതിശ്രേഷ്ഠവുമായ വരം സ്നേഹം ആണ്. ആയതിനാൽ ദൈവത്തേയും മനുഷ്യനേയും സ്നേഹിക്കുവാനുള്ള പരിശുദ്ധാത്മാവിന്റെ വരത്തിനായി നമുക്കു പ്രാർത്ഥിക്കാം.


●


50th Wedding Anniversary
04-07-2021
K.P. Abraham &
Mollykutty Abraham
Kurukathadathil
Nilambur.
ഇത്രത്തോളം നടത്തിയ
ദൈവത്തിന് സ്തോത്രം...
With Love
Anu & Shaji Thyparambil, Aji & Deepu Edasseril, Late Anish & Sumi Puthenpurackal.
Aleesha, Allen, Aleena, Alka ,Greya mystica , Late Gregory.
Kurukathadathil & Orumbikunnel Family
Advt - O


25th Wedding Anniversary
14-07-2021
Saju Skarian
&
Jainamma Saju
Thekethil house
Vallamkulam
(Mumbai)
Prayerful
Greetings from
Celeste
Steffie
Joshua
Advt - O

# ST. PAUL'S KNANAYA PRAYER GROUP

Riyadh Saudi Arabia



## MANAGING COMMITTEE 2021-2022

**PRESIDENT**



**VINOD ABRAHAM**
Karippal
St.Mary's Knanaya Church
Cherukulanji - Ranni
+966 56 732 8520

**SECRETARY**



**SHIJU OOMMEN**
Thekkethil
St.Mary's Knanaya Church
Kattodu - Vallamkulam
+966 53 398 6635

**TRUSTEE**



**BOBAN ABRAHAM**
Nedungattethu
St. Mary's Knanaya Church
Mazhukeer
+966 56 766 8230

**PRAYER LEADER**



**NIBIN BABU**
Aykkattu Maliakal
St. Mary's Knanaya Church
Cherukulanji - Ranni

**COMMITTEE MEMBER**



**BIJU ZACHARIA**
Kannalil
St. Mary's Knanaya Church
Thengeli

**COMMITTEE MEMBER**



**MONCY KURIEN**
Valiyaparambil
St.kuriakose knanaya church
Aythala - Ranni

**COMMITTEE MEMBER**



**BIJU K.U**
Karavattukoottu
St. Mary's Knanaya
Syrian Church - Veloothuruthy

**COMMITTEE MEMBER**



**BINU JOY**
Nedungattethu
St.Mary's Knanaya Church
Mazhukeer

**COMMITTEE MEMBER**



**TIJO THAMPY**
Ammanathu
St Marys knanaya bethel
church - Vallamkulam

**AUDITOR**



**SHYNU JOY**
Nedungattethu
St.Mary's Knanaya Church
Mazhukeer

**SUNDAY SCHOOL HEADMISTRESS**



**LINCY SHYNU**
Nedungattethu
St.Mary's Knanaya Church
Mazhukeer

**VANITHASAMAJAM COORDINATOR**



**DOLLY BIJU**
Kannalil
St. Mary's Knanaya Church
Thengeli

# വിവാഹിതരായി



ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകയിൽ ഓണാട്ട് ജോസഫ് മാത്യുവിന്റെയും സുമ ജോസഫിന്റെയും മകൻ **ജിബിൻ ജോസും** രാമമംഗലം സെന്റ് ജേക്കബ്സ് ക്നാനായ വലിയപള്ളി ഇടവകയിൽ കുഴിമറ്റത്തിൽ ജോയി. കെ.യു-വിന്റെയും സാലി ജോയിയുടേയും മകൾ **അപർണ ജോയിയും** തമ്മിലുള്ള വിവാഹം 2021 ജൂൺ 17-ാം തിയതി സെന്റ് ജോൺസ് പുത്തൻപള്ളിയിൽ നടത്തപ്പെട്ടു.

Advt -O

# CONGRATULATIONS Dr.MEEKHA

*For Excellent success in Master of Dental Surgery (MDS).*





## Dr. MEEKHA PETER

*Warmest congratulations to* ***Dr. Meekha Peter*** *D/o* ***Prof. K P Peter & Mrs. Jancy Peter*** *on securing* Masters in Dental Surgery (Prosthodontics and Crown and Bridge; she is also a certified oral implantologist) from K L E University, Belgaum. Dr. Meekha is a member of St. Thomas Valiyapally, Ranny.

**Best Wishes :**

**Mithun & Nittu (Australia)**

**Pothens Exide Care, Pothens Battery House,**

**Pothens Eye Care , Rose Opticals & Contact Lens Clinic**






കോട്ടയം സെന്റ് മേരീസ് സിറിയൻ ക്നാനായ വലിയ പള്ളിയിൽ കബറടങ്ങിയ ക്നാനായ അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ അഭിവന്ദ്യ ഗീവർഗ്ഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ 94–ാം ശ്രാദ്ധപ്പെരുന്നാളിനോടനുബന്ധിച്ച് അഭിവന്ദ്യ കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുന്നു. വികാരി ഫാ. മോനായി കെ. ഫിലിപ്പ്, ഫാ. ജേക്കബ് നടയിൽ, ഫാ. പി. റ്റി. മാത്യു പയ്യനാട്ട് എന്നിവർ സമീപം.

# കരിയർ പാഠങ്ങൾ രണ്ടാം ഭാഗം



സുനിൽ ഡി. കുരുവിള

**Lesson A:**

CBSE +2 കഴിഞ്ഞ് മകനുവേണ്ടിയാണ് കോഴിക്കോടുനിന്ന് അമ്മ ഗായത്രി വിളിച്ചത്. "സാർ നല്ല ഡിമാന്റ് ഉള്ള ഒരു കോഴ്സ് പറഞ്ഞു തരുമോ, +2 നു computer science ആയിരുന്നു.

കാഞ്ഞിരപ്പള്ളിയിൽ നിന്ന് മകൾക്കുവേണ്ടി വിളിച്ച അദ്ധ്യാപകനായ ടോമിച്ചന് അറിയേണ്ടത് Pharm D കോഴ്സിനെക്കുറിച്ചാണ്.

ഇവിടെയാണ് നമ്മൾ കുറെയൊക്കെ ഒന്ന് മാറേണ്ടത് എന്ന് തോന്നുന്നു. എന്തുകൊണ്ടാണ് പഠിച്ചവരുടെ ഇടയിൽ തൊഴിൽ ഇല്ലായ്മ ഉയരുന്നത്? എന്തുകൊണ്ടാണ് ജോലിയുള്ളവർക്കു സന്തോഷവും തൃപ്തിയും ഇല്ലാത്തത്?

"ആരാന്റെ തടി തേവരുടെ ആന വലിയടാ വലി" പലപ്പോഴും ഈ രീതിയിൽ ആണ് കുട്ടികളുടെ പഠനം. Student is not having any intimacy or love regarding what he studies...

പ്രധാനമായും നമ്മുടെ കുട്ടിയുടെ സാധ്യതയും കഴിവും അഭിരുചിയും നമ്മൾ അവഗണിക്കുന്നു എന്നുള്ളത് തന്നെയാണ്. ഏതെങ്കിലും ഒരു magical കോഴ്സ് ഒന്നും ലോകത്തിലില്ല. അങ്ങനെയായിരുന്നെങ്കിൽ എല്ലാവരും ആ കോഴ്സ് പഠിക്കാൻ പോയാൽ മതിയായിരുന്നു. നിങ്ങളുടെ കുട്ടിയുടെ പ്രത്യേകതകൾ, പഠനമികവ് ഒക്കെ മനസ്സിലാക്കി അതിനു ചേരുന്നത് തിരഞ്ഞെടുത്തു മുമ്പോട്ടുപോകുക. ഏതു രംഗത്താണ് എന്റെ കഴിവുകളെ ഏറ്റവും നന്നായി ഉപയോഗപ്പെടുത്താൻ കഴിയുന്നത്? എനിക്കൊരു മിടുക്കൻ/മിടുക്കി ആകാൻ കഴിയുക?.. അവിടെ ഇഷ്ടപ്പെട്ടു പഠിക്കാൻ തുടങ്ങും. അവിടെ സാധ്യത ആരംഭിക്കും. നിങ്ങളുടെ ആത്മവിശ്വാസവും സന്തോഷവും കണ്ടെത്താൻ കഴിയും. നല്ല career guidance വലിയഗുണം ചെയ്യും.

**Lesson B:**

ഇന്ന് വലിയ ലോൺ ഒക്കെ എടുത്തു വിദേശത്തു പഠിക്കാൻ പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം വളരെ കൂടുതലാണ്. എല്ലാം നല്ലതു തന്നെ. എന്നാൽ ഒരുപാടു പേരുടെ ജീവിതം ഇന്ന് നിരാശയിലും പരാജയത്തിലും അവസാനിക്കുന്നു എന്നുള്ളത് കാണാതെ പോകരുത്.

ഡിഗ്രി ലെവൽ വിദേശത്തു പോകുന്ന പലകുട്ടികൾക്കും ഉദ്ദേശിക്കുന്ന തരത്തിൽ ജോലി ലഭിക്കുന്നില്ല.

തിരികെ വന്നാൽ ഇവിടെയും ജോലിക്കു സാധ്യതയില്ല. ഇന്ത്യയിൽ ഒരു ഡിഗ്രി എടുത്തിട്ട് പോകുന്നത് അഭികാമ്യം.

മാസ്റ്റേഴ്സ് പ്രോഗ്രാമിന് പോകുമ്പോൾ അതിന്റെ ജോലി സാധ്യത, പഠിക്കുന്ന രാജ്യത്ത് PR കിട്ടാനുള്ള സാധ്യത ഒക്കെ കാലേകൂട്ടി മനസ്സിലാക്കണം. പഠിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവാരം, കോഴ്സിന്റ സാധ്യത ഒക്കെ വളരെ പ്രധാനമാണ്. ഇന്ത്യക്കാരെ പറ്റിക്കാൻ എളുപ്പമാണ് എന്ന് എല്ലാവർക്കും അറിയാം Foreign എന്നു പറഞ്ഞാൽ മിക്കവരും ചാടി വീഴും.

വലിയ ലോൺ എടുത്തു തലയിൽ വെക്കുകയും പഠനത്തിനുശേഷം നല്ല ജോലി കിട്ടാതെ വരുകയും ചെയ്താൽ എന്ത് ചെയ്യും? വയസ്സാംകാലത്തു മാതാപിതാക്കളെ തെരുവിലാക്കരുത്.

അവനവന്റെ വീട്ടിലെ സാമ്പത്തിക സാഹചര്യങ്ങളും ലോൺ തിരിച്ചടക്കാനുള്ള കഴിവും ഒക്കെ പരിഗണിക്കുക. മാറി വരുന്ന രാഷ്ട്രീയ സാഹചര്യങ്ങൾ, സാമ്പത്തിക സാഹചര്യങ്ങൾ, കോവിഡ് പോലുള്ള ആരോഗ്യ വെല്ലുവിളികളെ ഒക്കെ പരിഗണിച്ചുവേണം പഠനത്തിനുള്ള രാജ്യം തിരഞ്ഞെടുക്കാൻ. മിക്ക രാജ്യങ്ങളും PR വ്യവസ്ഥ ഒക്കെ വളരെ കർശനമാക്കിയിട്ടുണ്ട്.

നിലവാരം കുറഞ്ഞ സ്ഥാപനങ്ങളിൽ ഒരു കാരണവശാലും ചേരരുത്. ഉന്നത നിലവാരമുള്ള കോഴ്സുകളിൽ നന്നായി മിനക്കെട്ടു പഠിക്കേണ്ടതായി ഉണ്ട്. പഠനത്തോടൊപ്പം 'ഒരുപാടു' ജോലി ചെയ്തു പൈസ ഉണ്ടാക്കാം എന്നൊന്നും കരുതരുത്.

മിടുക്കരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നേടി പഠിക്കാനൊക്കെ ധാരാളം അവസരങ്ങൾ ഉണ്ട്. ചെലവ് കുറഞ്ഞു പഠിക്കാൻ പറ്റിയ രാജ്യങ്ങളും ഉണ്ട്.

IT, പാരാ മെഡിക്കൽ രംഗത്ത് ചില രാജ്യങ്ങളിൽ ജോലി സാധ്യത കൂടുതൽ ഉണ്ട്. അവനവൻ പഠിക്കാൻ പോകുന്ന മേഖലയുടെ ഭാവി ഒക്കെ നന്നായി മനസ്സിലാക്കണം.

ഏജന്റുമാരും Google ഉം ഒക്കെ പല സ്ഥലങ്ങളും മറച്ചു വെക്കും. പണവും ജീവിതവും നഷ്ടപ്പെടുന്നത് നിങ്ങളുടേതാണ്, ഓർക്കാം.

പല കുട്ടികൾക്കും ജോലി കിട്ടിയിട്ടും ലോൺ കൃത്യമായി അടയ്ക്കാൻ കഴിയുന്നില്ല. അത് അവരുടെ credit score നെ നെഗറ്റീവ് ആയി ബാധിക്കും.

Education sure is the best long-term investment, but staying within your means and taking precautionary steps is important to ensure you don't become a part of the bad loans in the education sector. Be realistic when planning your education and consider all factors before you apply for a loan.

**Lesson C:**

പരീക്ഷ വേണ്ടാന്നു വെക്കുന്നു.

ഓൺലൈൻ ആയി നടത്തുന്നു

ചിലരെങ്കിലും നന്നായി ഉഴപ്പുന്നു. വിദ്യാഭ്യാസ രംഗത്ത് നിലവാരം കുറയുന്നു. ചിലർ ചോദിക്കുന്നു, "അടുത്ത വർഷവും ഇങ്ങനെയൊക്കെ ആയിരിക്കില്ലേ?"

ശരിയാണ്, കോവിഡിനോടൊപ്പം ജീവിക്കുക. എന്നതാണ് പുതിയ മുദ്രാവാക്യം...

ഒപ്പം ചില യാഥാർത്ഥ്യങ്ങളും കൂടി കുട്ടികൾ തിരിച്ചറിയുന്നത് നന്ന്. കോവിഡ് വലിയ ആഘാതമാണ് ആരോഗ്യ സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിൽ വിതയ്ക്കുന്നത്, ഇവിടെ മാത്രമല്ല ലോകമെമ്പാടും!

സാമ്പത്തികമായ തളർച്ച വ്യവസായ തൊഴിൽ

രംഗത്ത് വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്. അനേകർക്ക് തൊഴിൽ നഷ്ടമായി. ട്രാവൽ, ടൂറിസം, airline, ഹോട്ടൽ, entertainment, real estate, malls ഒക്കെ കൂപ്പുകുത്തി. Textile, accessories, automobiles, fashion മേഖലയിലൊക്കെ ആവശ്യം കുറഞ്ഞു. Online ഉം computer ടെക്നോളജി അടിസ്ഥാനമാക്കിയും Artificial intelligence ഉപയോഗിച്ചുമുള്ള മേഖലകളും health related മേഖലകളും ഒക്കെ തൽക്കാലം പിടിച്ചു നിൽക്കുന്നു. സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടില്ലെങ്കിൽ ഈ രംഗത്തുപോലും തൊഴിൽ അവസരങ്ങൾ കുറയാം. ആദ്യത്തെ ലോക്ക്ഡൗൺ കാലത്തു ഉണ്ടായ അത്രയും നിത്യോപയോഗ സാധനങ്ങളുടെ ബിസിനസ് ഈ രണ്ടാം തരംഗത്തിൽ ഉണ്ടായില്ല എന്ന് പല കണക്കുകളും സൂചിപ്പിക്കുന്നു. കാരണം മനുഷ്യന്റെ കയ്യിൽ പണമില്ല. സർക്കാരിന്റെ കൈയിലും പണമില്ല.

പറഞ്ഞുവന്നത് തൊഴിൽ രംഗത്ത് വലിയ മത്സരം ഉണ്ടായേക്കാം. പരീക്ഷ ഉണ്ടോ ഇല്ലയോ എന്നതല്ല... ഏതു കോഴ്സ് പഠിക്കുന്നു എന്നതും അല്ല പ്രധാന വിഷയം; പഠിക്കുന്ന വിഷയം നന്നായി പഠിക്കുക. വലിയ commitment ഉം dedication ഉം ഉണ്ടാകണം. Show your integrity. Whether you are being examined or tested or not, always learn things and raise your standards yourself. ഓരോ മേഖലക്കും വേണ്ട നൈപുണ്യങ്ങളും മനോഭാവവും വളർത്തിയെടുക്കുക. നിങ്ങളുടെ competency ലെവൽ നിരന്തരം ഉയർത്തുക. പരീക്ഷകളും മറ്റും നടക്കാതെ പോകുന്നതുകൊണ്ടും അതിന്റെ നിലവാരം ഉറപ്പിക്കാൻ കഴിയാത്തതു കൊണ്ടും ഉന്നത വിദ്യാഭ്യാസത്തിലേക്കും തൊഴിൽ രംഗത്തേക്കും ഉള്ള എൻട്രൻസ് പരീക്ഷകളും ഇന്റർവ്യൂവും ഒക്കെ വളരെ tough challenging ഉം ആകാനാണ് സാധ്യത. ഇപ്പോൾതന്നെ പല മേഖലകളിലും അതിന്റെ സൂചനകൾ കണ്ടുതുടങ്ങി കഴിഞ്ഞു. So, be prepared Preparation. leads to confidence and of course, to excellence.

**Lesson D:**

സയൻസ് പഠിക്കാൻ വയ്യ അതുകൊണ്ട് കൊമേഴ്സ് എടുക്കാം. അല്ല അങ്ങനെയല്ല കൊമേഴ്സ് പഠിക്കേണ്ടത്. പത്താം ക്ലാസ്സുവരെ നിങ്ങൾ പഠിച്ചിട്ടുള്ള വിഷയങ്ങൾ അല്ല പൊതുവെ കൊമേഴ്സ് ഗ്രൂപ്പിൽ ഉള്ളത്. അതുകൊണ്ട് തന്നെ ആ വിഷയങ്ങൾ ഒക്കെ ഏതെല്ലാമാണ്. ഓരോ വിഷയവും പഠിച്ചാൽ അതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം, ഇതൊക്കെ അഡ്മിഷൻ എടുക്കും മുമ്പേ മനസ്സിലാക്കുക. അതാണ് അഭികാമ്യം!

Business Studies
Accountancy
Economics
Computer Application

Legal Study/ Maths/ Psychology/ Informatics ഒക്കെ ആയി subject വരാം. ഓരോ subject ഉം ആസ്വദിച്ചും ഇഷ്ടത്തോടെയും ഒക്കെ പഠിക്കണം.

B.Com, BBA, BCA, LLB, ചാർട്ടേഡ് അക്കൗണ്ടിങ്ങ്, കോസ്റ്റ് അക്കൗണ്ടിഗ്, കമ്പനി സെക്രട്ടറി, ഹോട്ടൽ, ടൂറിസം മാനേജ്മെന്റ്, എക്കണോമിക്സ്, Languages, communication, social work, ഒക്കെ commerce കാർക്ക് തുടർന്നു പഠിക്കാം.

നല്ല വ്യക്തിത്വ വികസനം Commerce രംഗത്ത് മുന്നേറാൻ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. നിങ്ങളുടെ നൈപുണ്യങ്ങളും അഭിരുചിയും അനുസരിച്ചു തുടർപഠനവും തൊഴിലും ഒക്കെ തിരഞ്ഞെടുക്കാം. നല്ല കോളേജുകളിൽ പഠിക്കുന്നത് വലിയ ഗുണം ചെയ്യും. സർക്കാർ, പൊതുമേഖല, ബാങ്കിങ്, ഇൻഷുറൻസ്, സ്റ്റോക്ക് മാർക്കറ്റുമായി ബന്ധപ്പെട്ട മേഖല, retail, sales, മാർക്കറ്റിംഗ്, management, IT മേഖലകളിൽ ഒക്കെ തൊഴിൽ കണ്ടെത്താം. സ്വന്തം സംരംഭങ്ങൾ ഒക്കെ ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് നല്ല പഠന മേഖലയാണ്. കോർപ്പറേറ്റ് sector ലാണ് commerce വിദ്യാർത്ഥികൾക്ക് ഏറ്റവും കൂടുതൽ തൊഴിൽ അവസരങ്ങൾ ഉള്ളത്. നല്ല ആത്മവിശ്വാസവും, ആശയവിനിമയ പാടവവും, വിശകലനശേഷിയും ഒക്കെ പഠനകാലത്തു തന്നെ വർദ്ധിപ്പിക്കുന്നത് വലിയ നേട്ടമാകും.

Chartered Accounting, CMA, CS, MBA, Civil Service തുടങ്ങിയ ഉന്നത പരിശ്രമം ഒക്കെ വേണ്ട രംഗത്തേക്ക് പോകാനാഗ്രഹിക്കുന്ന കുട്ടികൾ നല്ല ഗൈഡൻസ് തേടുന്നത് അഭികാമ്യം. നല്ല career guidance വ്യക്തതയും പഠന മികവും തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കും!

(സുനിൽ ഡി. കുരുവിള പ്രമുഖ Career Counsellor ഉം ഇൻസൈറ്റ് മിഷന്റെ സ്ഥാപകനുമാണ്, +91 9656144712). ●

## *എഡിറ്റോറിയൽ*

*(പേജ് 4 തുടർച്ച)*

യായി കണക്കാക്കിക്കൊണ്ട് ലോകത്തിലെ ജീവിത സൗകര്യങ്ങൾക്ക് ഏതെങ്കിലും ഒരു സംഘടനയോട് ചേർന്നിരിക്കണമല്ലോ എന്നുള്ള ഉദ്ദേശത്തിൽ മാത്രം ക്രിസ്ത്യാനികളായി അറിയപ്പെടുന്നവരുണ്ട്. സഭ ദൈവ സ്ഥാപിതമാണെന്നും കർത്താവിന്റെ മനുഷ്യാവതാരം കൊണ്ട് സാധിച്ച കാര്യങ്ങൾ അനുഭവവേദ്യമാകുന്നത് സഭയിൽ കൂടി മാത്രമേ സാധിക്കുകയുള്ളുവെന്നും വിശ്വസിക്കേണ്ടത് രക്ഷയ്ക്ക് അത്യാവശമാണ്. അതുകൊണ്ടാണ് പിതാവിലും പുത്രനിലും പരിശുദ്ധ റൂഹായിലും സഭയിലുമുള്ള വിശ്വാസം വിശ്വാസ പ്രമാണത്തിലും എല്ലാ പ്രാർത്ഥനയിലും ഏറ്റുപറയുന്നത്. അതുപോലെ തന്നെ വിശുദ്ധ കുർബ്ബാനയെക്കുറിച്ചുള്ള അഭിപ്രായങ്ങളും വ്യത്യസ്തങ്ങളായിരിക്കുന്നു. ചിലരുടെ ദൃഷ്ടിയിൽ വി. കുർബ്ബാന വെറും അപ്പവും വീഞ്ഞുമാകുന്നു. ചിലർക്ക് അത് ഓർമ്മയ്ക്കുള്ള സ്മാരക വസ്തുക്കളാണ്. എന്നാൽ സത്യവിശ്വാസികൾക്ക് അത് കർത്താവിന്റെ സാക്ഷാൽ തിരുശരീരരക്തങ്ങളാണ്. വി. പൗലോസ് പറയുന്നത് ഇപ്രകാരമാണ്. നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരമാണ്. നാം അനുഗ്രഹിക്കുന്ന കാസാ യേശുവിന്റെ രക്തമാണ് (1.കോരി 10:16–17). ആകയാൽ സംശയം കൂടാതെ യേശുവിന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്തുകൊണ്ട് യേശുവിനെ കർത്താവേ കർത്താവേ എന്നു വിളിക്കുക മാത്രമല്ല എല്ലാ കാര്യങ്ങളിലും കർത്താവായി അംഗീകരിച്ചുകൊണ്ട് അവന്റെ പ്രമാണങ്ങൾ അനുസരിച്ച് നടക്കണം. യേശുവിനെ കർത്താവ് എന്ന് വിളിക്കുന്നത് വാസ്തവമാണെങ്കിൽ സഹോദരനെ സ്നേഹിക്കണം. ദൈവത്തോടുള്ള ഭിന്നത തീർന്നെങ്കിൽ മനുഷ്യനോടുള്ള ഭിന്നത തീരണം. ക്രിസ്തുവിൽ നിന്റെ സഹോദരനോട് ഭിന്നിച്ചും അവനെ ഭിന്നിപ്പിച്ചും വിശുദ്ധ ദിവസങ്ങൾ നീ ആരാധിക്കുന്നതുകൊണ്ട് "കർത്താവേ എന്നു വിളിക്കുമ്പോൾ" ഞാൻ പറയുന്നത് ചെയ്യാതിരിക്കുന്നതെന്ത് എന്നു കർത്താവ് നിന്നോടു ചോദിക്കും. അതിനു മറുപടി കിട്ടാതെ നിന്റെ ആരാധന അംഗീകരിക്കപ്പെടുമെന്നു വിചാരിക്കരുത്. നമ്മുടെ കർത്താവ് ലോകത്തിന്റെ ഏക രക്ഷിതാവാണ്, മറ്റൊരു രക്ഷിതാവില്ല. ദൈവം ഒരിക്കൽ മാത്രമെ മനുഷ്യനായുള്ളു അവനാണ് ക്രിസ്തു. നിന്റെ പ്രിയന് എന്തു വിശേഷതയുള്ളു എന്ന് ലോകം ചോദിക്കുമ്പോൾ "എന്റെ പ്രിയൻ വെണ്മയും ചുവപ്പുമുള്ളവൻ പതിനായിരം പേരിൽ അതി ശ്രേഷ്ഠൻ" എന്ന് നമുക്ക് സധൈര്യം മറുപടി പറയാം.

എന്ന്

**സ്വന്തം റോയി അച്ചൻ**

കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

**Negative Parenting**

വിഭവ സമൃദ്ധമായ ഉച്ചയൂണ് കഴിഞ്ഞ് കൃത്യം രണ്ടു മണിക്കു തന്നെ എല്ലാവരും ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്നു. ഡോ. ആശിഷ് മാത്യു സന്നിഹിതനായിരുന്നു. അച്ചൻ ഡോ. ആശിഷ് മാത്യുവിനെ സ്വാഗതം ചെയ്യുകയും ആമുഖത്തിനായി ക്ഷണിക്കുകയും ചെയ്തു.

ഒരു Child Psychologist എന്ന നിലയിൽ തന്റെ അനുഭവങ്ങൾ പങ്കുവച്ചുകൊണ്ട് ആശിഷ് ആരംഭിച്ചു.

15 വയസ്സുള്ള സേറ എന്ന പെൺകുട്ടി തന്റെ മാതാപിതാക്കളുടെ ശ്രദ്ധയും പരിഗണനയും വേണ്ടവിധത്തിൽ ലഭ്യമാകാതിരുന്നതിനാൽ ഇന്റർനെറ്റിൽ സജീവമായി. സോഷ്യൽ മീഡിയയിൽ വളരെ ആക്ടീവ് ആയി. Internet-ലെ പല വിധത്തിലുള്ള രസങ്ങളിൽ ആകൃഷ്ടയായി. അങ്ങനെ ഒരു Korean Music Band ന്റെ ഫാൻസ് ക്ലബ്ബിൽ അംഗമായി. തന്റെ സമാനാനുഭവങ്ങളുള്ളവരുമായി ചങ്ങാത്തം കൂടുവാൻ ഇടയായി. ഈ ഫാൻസ് ക്ലബ്ബിലുള്ള കുറച്ചുപേർ ചേർന്ന് ഒരു Whats App group രൂപീകരിച്ചു. 'മരണം' എന്ന വിഷയമായിരുന്നു അവരുടെ പ്രധാന ചർച്ചാവിഷയം.

"എന്തിനാണ് ഈ ഭൂമിയിൽ ഇങ്ങനെ ജീവിച്ചിരിക്കുന്നത്. ഞാൻ മരിച്ചാലും ആർക്കും നഷ്ടമില്ല, മരിക്കുന്നതാണ് നല്ലത്".

ഇതായിരുന്നു ആ കുട്ടികളുടെ മനോഭാവം. അതിന് ആത്മഹത്യ ആണ് ശരിയായ മാർഗ്ഗം എന്നായിരുന്നു കണ്ടെത്തൽ. ഓവർ ഡോസ് മരുന്നു കഴിക്കുക. മുതിർന്നവർക്ക് വീട്ടിൽ വാങ്ങിവച്ചിരിക്കുന്ന ഗുളികകളും, കാലാവധി കഴിഞ്ഞ ഗുളികകളും ശേഖരിച്ചുവച്ച് കഴിക്കുക. ശരീരത്തിൽ മുറിപ്പാടുകൾ ഉണ്ടാക്കുക. ഇങ്ങനെയൊക്കെ ചെയ്യുകയും ആ അനുഭവം Whats App group ൽ പങ്കുവച്ച് മറ്റുള്ളവരെയും ആത്മഹത്യയ്ക്കായി പ്രേരിപ്പിക്കുന്ന ഒരു ഗ്രൂപ്പിലെ അംഗമായിരുന്നു ഈ പെൺകുട്ടി.

ഈ കുട്ടിക്ക് കൗൺസിലിംഗ് നൽകിയതിലൂടെ എനിക്കു ഒരു കാര്യം വ്യക്തമായത് നിങ്ങളോട് പങ്കുവയ്ക്കട്ടെ. നെഗറ്റീവ് പേരന്റിംഗിന്റെ ഫലമായിട്ടാണ് കുട്ടികൾ ഇങ്ങനെയായിത്തീരുന്നത്. കുട്ടികൾക്ക് നല്ല ശ്രോതാക്കളെ കിട്ടാതെ വരുന്നു. അനുഭവങ്ങൾ പങ്കുവയ്ക്കാൻ ആളില്ലാതെ വരുന്നു. കുട്ടികളെ അടിച്ചമർത്തുന്നു. അവരുടെ സ്വപ്നങ്ങൾക്ക് അതിര് നിശ്ചയിക്കുന്നു. അവരുടെ കഴിവുകളെ അംഗീകരിക്കാതിരിക്കുന്നു. അനാവശ്യമായി ശകാരിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. മറ്റുള്ളവരുടെ മുൻപിൽ വച്ച് അപഹസിക്കുന്നു. കുറെ അരുതുകൾ (No) പറയുന്നു. ഇതൊക്കെ നെഗറ്റീവ് പേരന്റിംഗിന്റെ വിവിധ വശങ്ങളാണ്.

കുട്ടികളുടെ പ്രായത്തിനനുസരിച്ച് അവർക്ക് ആവശ്യമായ ശ്രദ്ധ കിട്ടാതെ വരുമ്പോൾ അവർ മറ്റ് പലതിലേക്കും ആകർഷിക്കപ്പെടുന്നത് സ്വാഭാവികമാണ്. സേറായുടെ ജീവിതത്തിൽ സംഭവിച്ചത് അതാണ്. പിതാവ് ബിസിനസ്സുകാരൻ. അമ്മ സർക്കാർ ഉദ്യോഗസ്ഥ. രണ്ടുപേർക്കും അവരുടേതായ തിരക്കുകൾ ഉള്ളതിനാൽ കുട്ടിക്ക് വേണ്ടത്ര ശ്രദ്ധ നൽകിയില്ല. സേറ ഒരു ആത്മഹത്യാശ്രമത്തിൽ നിന്നും കഷ്ടിച്ച് രക്ഷപെട്ടപ്പോഴാണ് തങ്ങളുടെ നിരുത്തരവാദിത്വപരമായ പെരുമാറ്റത്തിന്റെ ശിക്ഷയാണ് ഈ സംഭവിച്ചതെന്ന് അവർക്ക് ബോധ്യപ്പെട്ടത്. അതുകൊണ്ടാണ് എന്റെ അടുക്കൽ അവർ എത്തിച്ചേർന്നത്.

ഞാനിവിടെ നിങ്ങളോട് പങ്കുവയ്ക്കാനാഗ്രഹിക്കുന്ന ആശയം മക്കളെ ശരിയായ വിധത്തിൽ വളർത്തുവാൻ കഴിയാതെ വന്നാൽ നിങ്ങളുടേത് നെഗറ്റീവ് പേരന്റിംഗ് ആകു

മെന്നതാണ്. സേറയെപ്പോലെ അനേക കുഞ്ഞുങ്ങൾ വീടാകുന്ന തടവറയിൽ വീർപ്പുമുട്ടുന്നുണ്ട്. ആ കുഞ്ഞുങ്ങളെ രക്ഷിക്കുവാൻ അവരുടെ മാതാപിതാക്കൾ സമർപ്പിതരായെ മതിയാകൂ. ദൈവം തന്ന കുഞ്ഞുങ്ങളെ വേണ്ടവിധത്തിൽ പരിരക്ഷിക്കണം. സമർപ്പണത്തോടെ കുഞ്ഞുങ്ങളെ വളർത്തിയിട്ടുപോലും കുഞ്ഞുങ്ങൾ വഴിതെറ്റിപ്പോകുന്ന ഇക്കാലത്ത് മാതാപിതാക്കൾ അശ്രദ്ധരായാൽ ഉണ്ടാകുന്ന ഭവിഷ്യത്ത് എത്ര വലുതായിരിക്കും. ആയതിനാൽ ദൈവത്തിന്റെ മക്കളെ വളർത്തുവാനാണ് നിങ്ങളെ ഏല്പിച്ചിരിക്കുന്നത്. നൂറ് ശതമാനം ആത്മാർത്ഥതയോടും സമർപ്പണത്തോടും ആ ദൗത്യം നിർവ്വഹിക്കുക. ആദ്യകാലത്തൊക്കെ പേരന്റിംഗ് വളരെ ദുഷ്ക്കരമായി തോന്നിയേക്കാം. പിന്നീട് നിങ്ങൾ സംതൃപ്തരായ മാതാപിതാക്കളാകും.

ഡോ. ആശീഷ് മാത്യു തന്റെ ആമുഖപ്രസംഗം അവസാനിപ്പിച്ചപ്പോൾ ഒരു നീണ്ട കരഘോഷം ഉയരുന്നു. അച്ചൻ കൈയ്യടിച്ചുകൊണ്ടാണ് മൈക്കിനടുത്തേയ്ക്ക് വന്നത്.

'ഡോ. ആശിഷ് നിർത്തിയിടത്തുനിന്ന് ഞാൻ ആരംഭിക്കട്ടെ'.

അച്ചൻ പറഞ്ഞു തുടങ്ങി.

എല്ലാവരും വളരെ ശ്രദ്ധയോടെ ചെവി കൂർപ്പിച്ചിരിക്കയാണ്.

ഉച്ചയൂണിനുശേഷമുള്ള സെഷൻ ഉറക്കം വരുന്നതാണെന്നാണ് പൊതുവായിട്ടുള്ള അഭിപ്രായം. അച്ചൻ പറഞ്ഞു നിർത്തിയതും ടോണിയുടെ വക കമന്റ്.

"അതിനുള്ള സാധ്യത വളരെ കൂടുതലാണല്ലോ. ഊണ് അല്പം കൂടിപ്പോയതിനാൽ ഉറക്കത്തിനുള്ള സാധ്യതയും കൂടും".

"എന്നാൽ നിങ്ങളെ ഉറക്കാതിരിക്കുവാനുള്ള ഉത്തരവാദിത്വം ഞാൻ ഏറ്റെടുത്തിരിക്കുന്നു".

അച്ചൻ ആത്മവിശ്വാസത്തോടെയാണ് തുടങ്ങിയത്.

ഞാൻ പട്ടം ഏറ്റ ആദ്യകാലയളവിൽ കാനഡായിൽ വൈദിക ശുശ്രൂഷയ്ക്കായി ഒരു വർഷത്തേയ്ക്ക് അഭി. തിരുമനസ്സുകൊണ്ട് എന്നെ അയച്ചു. അവിടെവച്ചുണ്ടായ ഒരു അനുഭവം അല്ല അറിവ് ഞാൻ പങ്കുവയ്ക്കാം. എന്റെ Health Insurance – ന്റെ ആവശ്യത്തിനായി സിറ്റിയിലുള്ള Insurance Office ൽ ഒരു അങ്കിളിനോടൊപ്പം ഞാൻ ചെന്നു. Insurance Section ലുള്ള ഓഫീസർ ഒരു സ്ത്രീയായിരുന്നു. Insurance എല്ലാ മാസവും പുതുക്കണം. അതുകൊണ്ട് എല്ലാ മാസവും ഈ സെക്ഷൻ ഓഫീസറെത്തന്നെയാണ് കാണേണ്ടതും. രണ്ടുമൂന്നു മാസങ്ങളായപ്പോൾ ആ ഓഫീസറുമായി കൂടുതൽ അടുക്കുവാനും പരിചയപ്പെടുവാനും സാധിച്ചു. ഞങ്ങൾ പരസ്പരം കുടുംബകാര്യങ്ങളും ചർച്ച ചെയ്തു. ആ സ്ത്രീ പറഞ്ഞു; എനിക്കു 13 വയസ്സുള്ള ഒരു മകൻ ഉണ്ട്. അവരുടെ ഭർത്താവിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ വളരെ ലാഘവത്തോടെ ആ സ്ത്രീ പറഞ്ഞു: I don't have husband' (എനിക്ക് ഭർത്താവില്ല). എനിക്ക് എന്തു പറയണമെന്ന് അറിയില്ല. സംഭാഷണം അധികം മുന്നോട്ട് കൊണ്ടുപോകാൻ എനിക്കു കഴിഞ്ഞില്ല. ഞാൻ യാത്ര പറഞ്ഞിറങ്ങി. അനേക ചോദ്യങ്ങൾ എന്നെ വേട്ടയാടി. ഭർത്താവില്ലാതെ മകനുണ്ടാകുമോ? വിവാഹമോചനം നേടിയതാണോ? ഭർത്താവ് മരിച്ചുപോയതാണോ? ഇങ്ങനെ അനേക ചോദ്യങ്ങളോടെ എന്നെ കൊണ്ടുവന്ന അങ്കിളിനോടൊപ്പം ഞാൻ കാറിൽ കയറി. അങ്കിളിനോട് ആ സ്ത്രീ പറഞ്ഞ കാര്യം ഞാൻ പങ്കുവച്ചു. അങ്കിളിൽ നിന്നുമാണ് അന്ന് ഒരു പുതിയ വിവരം ഞാൻ അറിഞ്ഞത്.

"Single Parenting" അപ്പനോ അമ്മയോ ആരെങ്കിലും ഒരാൾ മാത്രമായി മക്കളെ വളർത്തുക. ഒരു കുഞ്ഞുവേണമെന്ന് ഒരാൾക്കു തോന്നിയാൽ വിവാഹം കൂടാതെ പാർട്നറെ (പങ്കാളി) ഉടമ്പടിയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കാം. കുഞ്ഞു ലഭ്യമായി കഴിയുമ്പോൾ ഉടമ്പടി അവസാനിപ്പിച്ച് അവർക്ക് തനിയെ കുഞ്ഞിനെ വളർത്താം. ആയതിന് നിയമനടപടികളൊക്കെ പാലിക്കണം. ഈ Single Parenting എനിക്ക് പുതിയ അനുഭവവും പുതിയ അറിവുമായിരുന്നു. എന്നാൽ ഇതുപോലുള്ള കാര്യങ്ങൾ ഇപ്പോൾ സാധാരണമാണ്.

എല്ലാവരും അത്ഭുതത്തോടെയാണ് ഈ സംഭവം കേട്ടിരുന്നത്.

"രണ്ടുപേരും ചേർന്ന് വളർത്തിയിട്ടുപോലും കുഞ്ഞുങ്ങളെ നേരായവഴിക്ക് കൊണ്ടുപോകാൻ കഴിയുന്നില്ലാത്ത സാഹചര്യത്തിൽ ഒരാൾ ഒറ്റയ്ക്ക് എങ്ങനെ പേരന്റിംഗ് ദൗത്യം ഏറ്റെടുക്കും"?

ബിനു വളരെ അത്ഭുതത്തോടെയാണ് പറഞ്ഞത്.

"ഡോ. ആശിഷ് പറഞ്ഞതുപോലെ നെഗറ്റീവ് പേരന്റിംഗ് ഇന്നത്തെ ചർച്ചാവിഷയമായിട്ടെടുക്കാം.

നെഗറ്റീവ് പേരന്റിംഗിന്റെ വിവിധ ശൈലികളെക്കുറിച്ച് ചിന്തിക്കാനായി അച്ചൻ സെമിനാറംഗങ്ങളെ ആഹ്വാനം ചെയ്തു.

ബാല്യകാലത്ത് നാം കുട്ടികളോട് അറിഞ്ഞും അറിയാതെയും പറയുന്ന കാര്യങ്ങൾ അവരുടെ ഉപബോധമനസ്സിൽ കിടക്കും. ബാല്യകാലത്ത് അവർക്ക് ഏറ്റിട്ടുള്ള ആന്തരിക മുറിവുകൾ അവർക്ക് അറിവാകുമ്പോൾ ബോധമനസ്സിൽ എത്തുകയും അത് പകയിലേയ്ക്കും പ്രതികാരത്തിലേയ്ക്കും നയിക്കുകയും ചെയ്യും. തെറ്റായ വാക്കുകളും ശാപങ്ങളും ശിക്ഷാശൈലികളും കുട്ടിക്ക് മാനസിക വൈകല്യങ്ങൾ ഉണ്ടാക്കിക്കൊടുക്കും. ഒരു മുതിർന്ന വ്യക്തി തന്റെ പിതാവ് തനിക്കു നൽകിയ ബാല്യകാല ശിക്ഷകളെക്കുറിച്ച് കണ്ണുനീരോടും പകയോടും എന്നോട് പറഞ്ഞിട്ടുള്ളത് നിങ്ങളെ അറിയിക്കാം.

"നിസ്സാര തെറ്റുകൾക്കുപോലും എന്റെ പിതാവ് പുളിവടികൊണ്ട് മറ്റുള്ളവരുടെ മുൻപിൽവച്ചുപോലും എന്നെ നിഷ്ക്കരുണം അടിക്കുമായിരുന്നു. ഈ ശിക്ഷകൾ ഭയന്ന് വീട് വിട്ടുപോകണമെന്നുപോലും എനിക്കു തോന്നിയിട്ടുണ്ട്. ആദ്യമൊക്കെ എനിക്ക് അപ്പനെ ഭയമായിരുന്നു. പിന്നീട് വെറുപ്പായി. അതിനുശേഷം പകയും വൈരാഗ്യവും എന്റെ മനസ്സിൽ കുന്നുകൂടി. എന്നാൽ എന്റെ വിവാഹം കഴിഞ്ഞ് ഞാൻ ഇളയപുത്രനായതിനാൽ അപ്പനോടൊപ്പം മനസ്സില്ലാമനസ്സോടെ കുടുംബത്തിൽ താമസിക്കേണ്ടി വന്നു. അപ്പനു പ്രായമായപ്പോൾ പഴയപകയെല്ലാം മനസ്സിൽ നിന്നും മാറി സഹതാപമായി. അപ്പന്റെ അന്ത്യകാലത്ത് അപ്പനെ നന്നായി ശുശ്രൂഷിച്ചു. എന്നാൽ ഇന്ന് അപ്പന്റെ മരണശേഷം അപ്പന്റെ ശിക്ഷാരീതിയെക്കുറിച്ച് ഓർക്കുമ്പോൾ എനിക്കു സഹിക്കാൻ വയ്യാത്ത സങ്കടമാണ്. ഇതു പറഞ്ഞ് അവൻ എന്റെ മുൻപിൽ പൊട്ടിക്കരഞ്ഞു".

(തുടരും)

# ഉയരങ്ങളിൽ കൂടൊരുക്കുന്ന ദൈവം

സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ, റാന്നി

ഉന്നതങ്ങളിൽ കൂട് കൂട്ടണം എങ്കിൽ ഉയരത്തിൽ പറന്നേ മതിയാകൂ!

നമ്മുടെ ജീവിതത്തിൽ ഒന്നും യാദൃശ്ചികമായി സംഭവിക്കുന്നില്ല. എല്ലാം സർവ്വശക്തനായ ദൈവത്തിന്റെ ശക്തമായ കരങ്ങളിലൂടെയാണ് സംഭവിക്കുന്നത്. അവിടുന്ന് സർവ്വശക്തനായ ദൈവം മാത്രമല്ല നമ്മുടെ ഓരോരുത്തരുടെയും സ്നേഹ പിതാവ് കൂടിയാണ്. എല്ലാ ഭൗമിക മാതാപിതാക്കൾക്കും തങ്ങളുടെ മക്കളെക്കുറിച്ച് സുന്ദരമായ സ്വപ്നങ്ങൾ ഉണ്ട്. മക്കൾ നന്നായി പഠിക്കണം വളരണം. സഭയ്ക്കും സമൂഹത്തിനും രാഷ്ട്രത്തിനും അഭിമാനമായിത്തീരണം എന്നൊക്കെ അതിനായി നാം അദ്ധ്വാനിക്കുന്നു. സ്വർഗ്ഗീയ പിതാവും ഈ കാര്യത്തിൽ വ്യത്യസ്ഥൻ അല്ല. മക്കളെക്കുറിച്ച് അവിടുത്തെ മനസ്സിൽ ഒരു ക്ഷേമകരമായ പദ്ധതിയുണ്ട്. അവർക്ക് ശുഭകരമായ ഭാവിയും പ്രത്യാശയും നൽകുന്ന ഒരു പദ്ധതി. അതു നടപ്പാക്കി തന്റെ മക്കളെ അനുഗ്രഹിക്കുവാൻ അവിടുന്ന് അനവരതം അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളുടെ ശ്രദ്ധയെ പഴയനിയമത്തിൽ നിയമാവർത്തന പുസ്തകത്തിലേയ്ക്ക് ക്ഷണിക്കട്ടെ. ദൈവം തന്റെ മക്കളെ എങ്ങനെയാണ് പരിശീലിപ്പിക്കുന്നത് എന്ന് വളരെ മനോഹരമായ ഒരു ഉപമയിലൂടെ വെളിവാക്കുന്നുണ്ട്. ദൈവപിതാവിനെ വെളിവാക്കുന്നത് ഒരു തള്ളക്കഴുകനോടാണ്. തള്ളകഴുകൻ തന്റെ കുഞ്ഞിനെ പരിശീലിപ്പിച്ച് വളർത്തുന്നതുപോലെയത്രെ ദൈവവും ചെയ്യുന്നത്. ഈ ഉപമയുടെ സാദൃശ്യം അത്യന്തം ഹൃദയഹാരിയാണ്. ഏറ്റവും ഉയരത്തിൽ മേഘത്തെ തൊട്ടുരുമ്മി പറക്കുന്ന പക്ഷിയാണ് കഴുകൻ. സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ പ്രതീകം ആണ് ഈ പക്ഷി. തന്റെ മക്കളെ സ്വർഗ്ഗത്തിന്റെ അനുഭവത്തിലേയ്ക്ക് ഉയർത്തുന്നതിൽ അവിടുന്ന് എല്ലായ്പ്പോഴും ബദ്ധശ്രദ്ധനാണ്. ആ പരിശുദ്ധിയിലേയ്ക്ക് കൈപിടിച്ച് ഉയർത്തുവാനാണല്ലോ അവിടുന്ന് സ്വർഗ്ഗം വിട്ട് ഭൂമിയിൽ ജാതനായത്. സ്വർഗ്ഗത്തിൽ തന്റെ മക്കൾ എത്തിച്ചേരണം എന്ന പരമമായ ലക്ഷ്യം വച്ചുകൊണ്ടാണ് നമ്മുടെ ഓരോ സംഭവങ്ങളും ക്രമീകരിക്കുന്നത്. എന്നാൽ തൽക്കാലം അവിടുന്ന് നൽകുന്ന പരിശീലനം നമുക്ക് തികച്ചും വേദനാജനകമായി തോന്നിയേക്കാം. എങ്കിലും ഭയപ്പെടേണ്ട, കാരണം നിന്റെ പിതാവ് സർവ്വശക്തനാണ്. ഏറ്റവും വലിയ തിന്മയിൽ നിന്നുപോലും നന്മയുണ്ടാക്കുന്നതിന് ദൈവത്തിന് കഴിയും. ഒരു കുഞ്ഞിനെപ്പോലെ അവിടുത്തെ കരങ്ങളിൽ വിശ്രമിക്കുകയേ വേണ്ടൂ... അഭൗമികമായ ഒരു സമാധാനത്തിന്റെ ആഴമായ അനുഭവം ഏത് പ്രതിസന്ധിയിലും നിനക്ക് അനുഭവിക്കാൻ സാധിക്കും.

നമുക്ക് കഴുകന്റെ ഉപമയിലേയ്ക്ക് മടങ്ങിവരാം. കഴുകൻ കൂടുകൂട്ടുന്നത് സാധാരണ ഗതിയിൽ ഉയർന്ന പാറക്കെട്ടുകളിലുള്ള പൊത്തിലാണ്. കൂടുണ്ടാക്കുന്ന രീതി ഇങ്ങനെയാണ്. ഏറ്റവും അടിയിൽ കൂർത്ത ചുള്ളിക്കമ്പുകൾ നിരത്തുന്നു. അതിനുമുകളിൽ മാർദ്ദവമുള്ള ഇളം തൂവലുകൾ ഇട്ട് ഒരു പട്ടുമെത്തയാക്കി കഴുകൻ മുട്ടയിട്ട് അടയിരിക്കുന്നു. കഴുകന്റെ കുഞ്ഞുങ്ങൾക്ക് പരമസുഖം. ഈ കുഞ്ഞുങ്ങൾ ഞാനും നിങ്ങളുമാണ്. പട്ടുമെത്തയിൽ പിതാവ് നമ്മെ കിടത്തുമ്പോൾ ഏതു മകനാണ് സന്തോഷിക്കാത്തത്. ജീവിതത്തിൽ വളരെ ആനന്ദകരമായ അനുഭവങ്ങൾ, വിജയം, അംഗീകാരം, പ്രശസ്തി, നല്ല സുഹൃദ് ബന്ധങ്ങൾ, സാമ്പത്തിക ഭദ്രത ഒക്കെ അവിടുന്ന് നമുക്ക് നൽകുന്നു. നമുക്ക് ദൈവത്തോട് വലിയ സ്നേഹം തോന്നും. എന്നാൽ പിതാവിന്റെ മനസ്സ് സംതൃപ്തമല്ലാ. തന്റെ മകൻ എത്തേണ്ടടത്ത് എത്തിയിട്ടില്ല. അവനെക്കുറിച്ച് തന്റെ പദ്ധതികൾ നിറവേറ്റണമെങ്കിൽ അവന് പരിശീലനം ആവശ്യമാണ്. പരിശീലനം എപ്പോഴും വേദനാജനകമാണ്.

തള്ളക്കഴുകൻ ചെയ്യുന്നത് അതുതന്നെയാണ്. തന്റെ കുഞ്ഞ് തന്നെപ്പോലെ ഉയർന്നു പറക്കണം. ഈ കൂട്ടിൽ പട്ടുമെത്തയിൽ കിടന്നാൽ അവൻ ഒരിക്കലും പറക്കുവാൻ പഠിക്കയില്ല. അതിനാൽ ദുഃഖത്തോടെയാണെങ്കിലും തള്ളക്കഴുകൻ തന്റെ കുഞ്ഞിനെ വേദനയോടെയാണ് നേഴ്സറി സ്കൂളിൽ ചേർക്കുന്നത്. വീട്ടിലെ സുഖകരവും സന്തോഷകരവുമായ സാഹചര്യത്തിൽ നിന്നുമാറി സ്കൂളിന്റെ അപരിചിതമായ ചുറ്റുപാടുകളിലേയ്ക്ക് പോകുന്നത് പൊതുവെ കുട്ടികൾക്ക് ഇഷ്ടമല്ലല്ലോ. എങ്കിലും ഭാവിയെക്കുറിച്ച് കരുതലുള്ള മാതാപിതാക്കൾ അവരുടെ താല്ക്കാലിക വിഷമത്തെ അവഗണിച്ചുകൊണ്ട് അവരെ സ്കൂളിലേയ്ക്ക് അയയ്ക്കുന്നു. തള്ളക്കഴുകനും ഇതുതന്നെ ചെയ്യുന്നു. അത് കൂട് ചലിപ്പിക്കുന്നു. അപ്പോൾ കൂടിന്റെ അടിയിലുള്ള കൂർത്ത മുള്ളുകളുള്ള ചുള്ളിക്കമ്പുകൾ പുറത്തേക്ക് തള്ളിവരുന്നു. അവ കുഞ്ഞിന്റെ മാംസളമായ ശരീരത്തിൽ കുത്തിക്കയറുന്നു. അസഹനീയമായ വേദനയാൽ കുഞ്ഞ് നിലവിളിക്കുന്നു. അത് ഓർക്കുന്നു. അമ്മ എന്തിനാണാവോ ഇങ്ങനെ എന്നെ വേദനിപ്പിക്കുന്നത്. ഞാൻ ഒരു ഉപദ്രവവും ചെയ്തിട്ടില്ലല്ലോ. ജീവിതത്തിൽ അപ്രതിക്ഷിതമായ സഹനങ്ങൾ ഉണ്ടാകുമ്പോൾ നാമും ഇപ്രകാരം തന്നെയാണ് ചിന്തിക്കുന്നത്. ദൈവം എന്തിനാണ് എന്നെ ഇങ്ങനെ വേദനിപ്പിക്കുന്നത് ഞാൻ ദൈവത്തെ സ്നേഹിച്ച് ജീവിക്കുന്നതാണോ തെറ്റ്. പലപ്പോഴും പല നാളുകളിലും ദൈവത്തിന്റെ സ്നേഹത്തെയും പരിപാലനത്തെയും നാം സംശയിച്ചിട്ടുണ്ട്. പക്ഷെ ദൈവം നിശ്ശബ്ദത പാലിക്കുന്നു. വേദനാജനകമായ പരിശീലനം തുടരുന്നു. ലക്ഷ്യം കൈവരിക്കുന്നതുവരെ.

കൂട്ടിലെ വേദനാജനകമായ നിമിഷം അസഹനീയമാകുമ്പോൾ തന്റെ കുഞ്ഞ് പുറത്തേയ്ക്ക് വരുവാൻ നിർബന്ധിക്കപ്പെടുന്നു. നീലാകാശത്തിൽ ആദ്യമായി ചിറക് വിരിച്ചു പറക്കുവാൻ ശ്രമിക്കുന്ന കുഞ്ഞിനെ കാണുമ്പോൾ അമ്മയുടെ ഹൃദയം സന്തോഷിക്കുന്നു. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് കുഞ്ഞ് കൂടിനു വെളിയിലേയ്ക്കു പോകുമ്പോൾ തള്ളകഴുകനും പിറകെ പോകുന്നു. വേദനിക്കുന്ന മനുഷ്യന്റെ കൂടെ ദൈവമുണ്ട്. അവിടുന്ന് വിണ്ണിൽ ഉറങ്ങുന്ന ദൈവമല്ല. വി. ഗ്രന്ഥത്തിലേയ്ക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കട്ടെ. (ആവർ. 32:11) കൂട് ചലിപ്പിക്കുകയും കുഞ്ഞുങ്ങളുടെ മുകളിൽ ചിറകടിക്കുകയും ചെയ്യുന്ന കഴുകൻ, അതെ ദൈവം നിന്റെ ജീവിതത്തിനു മുകളിൽ ചിറകടിച്ച് നിൽക്കുകയാണ്. അവിടുന്ന് നിന്നെ നോക്കിക്കൊണ്ടിരിക്കുന്നു. നിന്റെ അലച്ചിലുകളും ഭാരങ്ങളും അവിടുന്ന് അറിയുന്നു. നീ അവിടുത്തെ ചിറകിന്റെ കീഴിലായതിനാൽ തികച്ചും സുരക്ഷിതനാണ്. ഭയപ്പെടേണ്ടാ, ഒന്നും നിന്നെ നശിപ്പിക്കയില്ല. നീ തകർന്നു പോകുവാൻ അവിടുന്ന് അനുവദിക്കയില്ല. തക്കബലം നൽകുവാൻ അവിടുന്ന് നിന്റെ ജീവിതത്തിലേയ്ക്ക് ഇറങ്ങി വരും.

തള്ളകഴുകൻ ചെയ്യുന്നത് മറ്റൊന്നുമല്ലല്ലോ. കുഞ്ഞ് തളരുമ്പോൾ താഴേയ്ക്ക് വീഴാൻ പോകുമ്പോൾ മുകളിൽ വട്ടമിട്ട് പറക്കുന്ന തള്ളക്കഴുകൻ താഴേക്ക് പറന്ന് ഇറങ്ങുന്നു.

താഴെ വീഴാൻ ഭാവിക്കുന്ന കുഞ്ഞിനെ അതിന്റെ ചിറകുകളിൽ സംവഹിയ്ക്കുന്നു. അതെ തന്റെ മക്കളെ കരുതുന്നവനാണ് ദൈവം. ഒരു മരുഭൂമിയിലൂടെ യാത്ര ചെയ്യുമ്പോഴും അവിടുന്ന് ശക്തി നൽകുവാൻ, വഴി കാണിക്കാൻ കൂടെയുണ്ട്. രാവും പകലും കൂടെയുള്ള ഈ ദൈവത്തെ നിഷേധിക്കുകയാണ് ഇന്നു മനുഷ്യൻ കാണിക്കുന്ന ഏറ്റവും വലിയ നന്ദികേടും ക്രൂരതയും.

കുഞ്ഞിന് വിശ്രമം ലഭിച്ചു കഴിയുമ്പോൾ ചിറകിന് പറക്കാൻ ഉള്ള ബലം വീണ്ടെടുക്കുമ്പോൾ തള്ളകഴുകൻ പരിശീലനം തുടങ്ങുന്നു. പരിശീലനം നിവർത്തിയായിട്ടില്ല. എന്റെ കുഞ്ഞ് എന്നെപ്പോലെതന്നെ ഉയർന്നു പറക്കാൻ പഠിക്കണം. അതുതന്നെയാണ് ദൈവത്തിന് എന്നെയും നിങ്ങളെയും കുറിച്ചുള്ള പദ്ധതി. എന്റെ കുഞ്ഞ് എന്നെപ്പോലെതന്നെ പരിപൂർണ്ണനാകണം. അതുകൊണ്ട് യേശു ഇപ്രകാരം പറഞ്ഞു "അതുകൊണ്ട് നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിപ്പീൻ" (വി. മത്തായി 5:42). മനുഷ്യമക്കളുടെ രക്ഷയും വിശുദ്ധീകരണവും ലക്ഷ്യംവച്ചുകൊണ്ടാണ് ദൈവവിളിക്കായി ജീവിതത്തിലെ കാര്യങ്ങൾ ക്രമീകരിക്കുന്നത്.

ലക്ഷ്യം നേടുന്നതുവരെ ഈ പരിശീലനം തുടർന്നു പോകും. തന്റെ കുഞ്ഞ് ഉയർന്നു പറക്കുവാൻ പഠിക്കുന്നതുവരെ തള്ളകഴുകൻ അതിനെ നിരന്തരം പരിശീലിപ്പിക്കും. ഈ പരിശീലനത്തിന് ഇടയിൽ നാം കുതറിയോടരുത്. ചിലർ അതാണ് ഇന്നു ചെയ്യുന്നത്. വേദനയുടെ നാളുകളിൽ അവർ ദൈവത്തെ ശപിക്കുകയും പ്രാകുകയും ചെയ്യുന്നു. ദൈവസ്നേഹത്തിൽ നിന്ന് അകന്നു പോകുന്നു. ചിലകുട്ടികൾ സ്കൂളിലെ പഠനഭാരം കൊണ്ട് ഇടയ്ക്കു വച്ചു പഠനം നിർത്തുന്നതുപോലെയാണ്. അവനൊരിക്കലും നല്ല ഭാവി ഉണ്ടാകുകയില്ല. പിൽക്കാലത്ത് തന്റെ മരണത്തെ ഓർത്ത് ദുഖിക്കേണ്ടി വരും. അതിനാൽ ദൈവം നൽകുന്ന പരിശീലനം തൽക്കാലം എത്ര ക്ലേശകരമാണെങ്കിലും ദൈവത്തോട് ചേർന്ന് നാം നിൽക്കണം. നിശ്ചയമായും നിനക്ക് നിന്റെ വാഗ്ദത്തം അനുസരിച്ച് ശുഭകരമായ ഭാവി ഒരുക്കിത്തരും. പരിശീലനം പൂർത്തിയാകുമ്പോൾ നീതിമാന്റെ കിരീടം നിന്റെ ശിരസ്സിൽ ചാർത്തുകയും ചെയ്യും. നിലനിൽപ്പിനുള്ള കൃപയ്ക്കായും കൊറൊണ രോഗത്തിൽ നിന്ന് ഈ ലോകം രക്ഷപെടുന്നതിനായും അടിക്കടി ഉണ്ടാകുന്നതായ വെള്ളപ്പൊക്കത്തിൽ നിന്നും ക്ഷാമത്തിൽ നിന്നും, ഇന്ന് മനുഷ്യന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സമാധാനം വീണ്ടെടുക്കുന്നതിനും, ഇപ്പോൾ തന്നെ ഹൃദയം സമർപ്പിച്ച് ദൈവത്തോട് പ്രാർത്ഥിക്കാം.

സങ്കീ.4:4–8; "നടുങ്ങുവീൻ പാപം ചെയ്യാതിരിപ്പീൻ, നിങ്ങളുടെ കിടക്കമേൽ ഹൃദയത്തിൽ ധ്യാനിച്ച് മൗനം ആയിരിപ്പീൻ. നീതിയാഗങ്ങളെ അർപ്പിപ്പീൻ, യഹോവയിൽ ആശ്രയം വെപ്പീൻ. നമുക്ക് ആർ നന്മ കാണിക്കും എന്ന് പലരും പറയുന്നു; യഹോവേ നിന്റെ മുഖപ്രകാശം ഞങ്ങളുടെ മേൽ ഉദിപ്പിക്കേണമേ. ധാന്യവും വീഞ്ഞും വർദ്ധിച്ചപ്പോൾ അവർക്ക് ഉണ്ടായതിലും അധികസന്തോഷം നീ എന്റെ ഹൃദയത്തിൽ നൽകിയിരിക്കുന്നു. ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും; നിയല്ലോ യഹോവയെ, എന്നെ നിർഭയം വസിക്കുമാറാക്കുന്നത്".

## ക്നാനായ കോൺഗ്രസ് വാർത്തകൾ

ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മറ്റിയുടെ ആഭിമുഖ്യത്തിൽ 'Proud To Be A Kna' എന്ന പേരിൽ രണ്ട് വെബിനാറുകൾ നടത്തി. വെബിനാറുകളുടെ ഉദ്ഘാടനം 18–06–2021 ൽ സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളത്തിന്റെ അദ്ധ്യക്ഷതയിൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ ഡോ. ജയിംസ് ജേക്കബ് തോടത്തിൽ ക്നാനായത്വം എന്ന വിഷയത്തിലും, റവ. ഫാ. ഡോ. തോമസ് ഏബ്രഹാം മലേശ്ശേരിൽ 'Arranged Marriage and Love Marriage' എന്ന വിഷയത്തിലും ക്ലാസ്സുകൾ നയിച്ചു. സമുദായ സെക്രട്ടറി ശ്രീ. റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ ആശംസകൾ അറിയിച്ചു. ക്നാനായ കോൺഗ്രസ് സെക്രട്ടറി റോയി പുത്തൻപുരയ്ക്കൽ സ്വാഗതവും ട്രസ്റ്റി അനീഷ് തകിടിയിൽ കൃതജ്ഞതയും പ്രകാശിപ്പിച്ചു. 26–06–2021 ൽ നടന്ന തുടർച്ചാ വെബിനാറിൽ അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അനുഗ്രഹപ്രഭാഷണം നടത്തി. റവ. ഫാ. ഡോ. തോമസ് ഏബ്രഹാം മലേശ്ശേരിൽ 'Danger of Social Media' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നയിച്ചു. സ്വദേശത്തും, വിദേശത്തുമായി ധാരാളം ആളുകൾ പങ്കെടുത്ത ഈ വെബിനാറുകൾക്ക് ഫാ. ഷിബിൻ മണിമലേത്ത്, ഫാ. കൊച്ചുമോൻ ഐക്കാട്ട് മാളിയേക്കൽ, ഫാ.ബിനു പയ്യനാട്ട്, ജോബി കാരിക്കോട്ട്, സജി താന്നിയ്ക്കൽ, കൊച്ചുമോൻ ഒറ്റത്തൈയ്ക്കൽ, ബിനു കല്ലേമണ്ണിൽ, ജയ്മോൻ മേപ്രത്ത്, മജേഷ് മാത്യു മഴുക്കീറ്റാട, അനീഷ് കയ്യത്ര, ബിബിൻ കല്ലംപറമ്പിൽ, സി.എ.ഏബ്രഹാം ചാങ്ങയിൽ എന്നിവർ ഓൺലൈൻ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. ഫേസ്ബുക്ക് ലൈവ് ക്രമീകരിച്ച മന്നാ വിഷനോടുള്ള നന്ദി അറിയിക്കുന്നു.

## ക്വട്ടേഷൻ നോട്ടീസ്

ക്നാനായ സമുദായം വക നാട്ടകം വില്ലേജിൽപ്പെട്ട കരികുന്നം കാടത്തറ പാടശേഖരത്തിലെ ഏഴ് ഏക്കർ പുഞ്ചനിലത്തും വെളിയനാട് വില്ലേജിൽ കുന്നങ്കരി മുറിയിൽപ്പെട്ട കരിമീൻതട പാടശേഖരത്തിലെ രണ്ട് ഏക്കർ എഴുപത് സെന്റ് പുഞ്ചനിലത്തും 2021-22 വർഷം നെൽകൃഷി ചെയ്ത് ആദായം എടുക്കുന്നതിനുവേണ്ടി പ്രത്യേകം പ്രത്യേകമായുള്ള ക്വട്ടേഷൻ 20-07-2021 ശനിയാഴ്ച രാവിലെ 11 മണിക്ക് മുമ്പായി സമുദായ ഓഫീസിൽ കിട്ടത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു. ഓരോ ക്വട്ടേഷനോടുകൂടിയും 5000 രൂപയുടെ നിരതദ്രവ്യം പണമായോ, ഡി.ഡി യായോ അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ കവറിന് പുറത്ത് പാടശേഖരത്തിന്റെ പേര് വ്യക്തമായി കാണിച്ചിരിക്കണം. ക്നാനായ കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി അവകാശമുറപ്പിക്കുന്നതുമാണ്. അംഗീകരിക്കപ്പെടുന്ന തുക മുഴുവനും ഉടനെ തന്നെ അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ അംഗീകരിക്കുന്നതിനും തള്ളിക്കളയുന്നതിനുമുള്ള അവകാശം ക്നാനായ കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. ഇതു സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ രാവിലെ 10 മുതൽ വൈകുന്നേരം 4 വരെയുള്ള സമയത്ത് സമുദായ ആഫീസിൽ നിന്നും അറിയാവുന്നതാണ്.

**ആക്ടിംഗ് ട്രസ്റ്റി**


BSC NURSING
ADMISSION 2021-22
Reputed Medical Colleges
Banglore, Manglore, Chennai
Coimbatore, Andhra Pradesh
MBBS BDS BAMS BHMS D-PHARM B-PHARM
PHARM-D BPT BOT BPO GNM Etc ...
BEST QUALITY LOW PACKAGE BEST QUALITY
ALLIED HEALTH COURSES
Bsc Cardiac Technology
Bsc Dialysis Technology
Bsc Operation Theatre and Anaesthesia Technology
Bsc Physician Assistant
Bsc Optometry
Bsc Radiology and Imaging Technology
Bsc Cardio Pulmonary Perfusion Car Technology
Bsc Medical Laboratory Technology
Mr. SHAL ABRAHAM MARANGATTU
Gradiaso Educational Trust
Ph : 9846381104, 9349908881
Ernakulam
36/26-C, Elar Enclave
St. Francis Church Road, Cochin - 18
Kottayam
Kolathil Building, Near IDBI Bank
Konjikuzhy, Kottayam - 04


ADMISSION OPEN
STUDY
MBBS
in EUROPE
Nicolae Testemitanu State university of Medicine and Pharmacy- MOLDOVA
Why Choose This University
❖ Established in 1945 ❖ Compatible Syllabus with USMLE/PLAB etc..
❖ Government Medical University ❖ Lowest Tuition fee
❖ MCI Coaching ❖ 50+ Departments, 72 Clinics & 1000 Hospital Beds
❖ 6000+ Students from 33 Countries ❖ Separate Hostel for Boys & Girls
❖ Kerala Food Available & Lowest Living Expense
Mr. SHAL ABRAHAM MARANGATTU
Gradiaso Educational Trust
Ph : 9846381104, 9349908881
Ernakulam
36/26-C, Elar Enclave
St. Francis Church Road, Cochin - 18
Kottayam
Kolathil Building, Near IDBI Bank
Konjikuzhy, Kottayam - 04

# മനഃസാക്ഷി എന്ന കോടതി

റ്റി. സി. തോമസ് തോപ്പിൽ (ക്നാനായ കമ്മിറ്റിയംഗം)

ക്രിസ്തീയ വിശ്വാസിയായ ഒരു മനുഷ്യൻ തന്റെ നാലും ഏഴും വയസ്സുള്ള കുട്ടികളുമായി കാഴ്ച ബംഗ്ലാവ് കാണുവാൻ പോയി. ആറു വയസ്സിനു മുകളിലുള്ളവർക്ക് 30 രൂപ മുടക്കി ടിക്കറ്റെടുക്കണമായിരുന്നു. അദ്ദേഹം 60 രൂപ മുടക്കി തനിക്കും മൂത്തമകനും ടിക്കറ്റെടുത്തു. മക്കൾക്ക് എത്ര വയസ്സുണ്ടെന്നു ചോദിച്ച ഒരു വ്യക്തിയോട് മൂത്തകുട്ടിക്ക് 7 വയസ്സും ഇളയ കുട്ടിക്ക് 4 വയസ്സും ഉണ്ടെന്ന് അദ്ദേഹം മറുപടി പറഞ്ഞു. മൂത്തമകന് 6 വയസ്സുപോലും തോന്നുകയില്ലല്ലോ. പിന്നെന്തിനാണ് അവനു ടിക്കറ്റെടുത്തത്? ടിക്കറ്റു വിതരണം ചെയ്യുന്നയാൾ ചോദിച്ചു. ശരിയാണ് ആറുവയസ്സ് എന്നു പറഞ്ഞാൽ ഒരു പക്ഷേ നിങ്ങൾ അറിയില്ല. എന്നാൽ എന്റെ കുഞ്ഞുങ്ങൾ അറിയും അതിന് എന്റെ മനഃസാക്ഷി അനുവദിക്കുന്നില്ല എന്നായിരുന്നു ആ പിതാവിന്റെ മറുപടി. ഇതാണ് മാതൃകയുള്ള മനസ്സിലെ ക്രിസ്ത്യാനിത്വം. "ശുദ്ധമായ മനഃസാക്ഷിയേക്കാൾ മൃദുലമായ ഒരു തലയിണയില്ല" എന്ന മൊഴി ഇന്നും പ്രസക്തമാണ്. ആത്മാവിന്റെ ശബ്ദമാണ് മനഃസാക്ഷി. സ്വന്തം പ്രവർത്തികളുടെ ശരിതെറ്റുകൾ വിവേചിക്കുകയും വിലയിരുത്തുകയും വിധി കല്പിക്കുകയും ചെയ്യുന്ന ഒരു നീതിന്യായകോടതി ഓരോരുത്തരുടേയും ഉള്ളിൽ കുടികൊള്ളുന്നു. നീതിന്യായകോടതികളേക്കാൾ ഉന്നതമായ ഒരു കോടതിയുണ്ട് അതാണ് മനഃസാക്ഷിക്കോടതി. അത് മറ്റെല്ലാ കോടതികളെയും ഉല്ലംഘിക്കുന്നു. ഏദൻതോട്ടത്തിൽ ദൈവത്തിന്റെ കല്പന ലംഘിച്ച് മനഃസാക്ഷിക്കു വിരുദ്ധമായി വിലക്കപ്പെട്ട കനി ഭക്ഷിച്ച ആദാമും ഹൗവ്വയും പിന്നീട് കുറ്റബോധത്താലും ഭയത്താലും ദൈവത്തിന്റെ മുന്നിൽ വിറകൊള്ളുന്നു. അവർ ഏദൻ തോട്ടത്തിൽ നിന്നു പുറത്താക്കപ്പെടുകയും ചെയ്യുന്നു. സ്വന്തം മനഃസാക്ഷിയെ അവഗണിച്ച് തന്റെ ഗുരുവിനെ 30 വെള്ളിക്കാശിനു ഒറ്റിക്കൊടുത്ത യൂദാസ് പാപബോധത്താൽ ജീവൻ ഒടുക്കേണ്ടി വന്നത് മനഃസാക്ഷിയെ വഞ്ചിച്ചതുകൊണ്ടാണ്.

പ്രസിദ്ധനായ ഒരു ശില്പി ഒരിക്കൽ മനോഹരമായ ഒരു പ്രതിമ നിർമ്മിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിന്റെ മുൻവശത്തെ പണി മുഴുവൻ തീർത്തു തുടർന്ന് പിൻഭാഗം സൂക്ഷ്മതയോടെ മിനുക്കിത്തുടങ്ങി. അപ്പോൾ അയാളുടെ മകൻ അവിടെ എത്തി. അവൻ പ്രതിമയുടെ പണികളൊക്കെ വിശദമായി വീക്ഷിച്ചതിനുശേഷം അച്ഛനോടു ചോദിച്ചു 'ഈ പ്രതിമയുടെ പുറകുവശം ഇത്ര മനോഹരമായി മിനുക്കുന്നതെന്തിനാണച്ഛാ! ആരും കാണാത്ത വശമല്ലേ അത്? മോനേ നീ പറഞ്ഞതു ശരിയാണ് ഈ പ്രതിമയുടെ പിറകുവശം മനുഷ്യൻ കാണുകയില്ല. പക്ഷേ ദൈവത്തിനു കാണുവാൻ സാധിക്കും. ഈ ശില്പത്തിന്റെ എല്ലാ വശവും ദൈവം ഒരുപോലെ കാണുന്നുണ്ട്. അതുകൊണ്ടാണ് ഇതിന്റെ പിൻഭാഗം ഞാൻ മിനുക്കി വൃത്തിയാക്കുന്നത്. അച്ഛൻ മകനോടു പറഞ്ഞു മനഃസാക്ഷിയെ മറച്ചുവച്ച് മനുഷ്യന് പലതും ചെയ്യുവാൻ സാധിക്കുമായിരിക്കാം. പക്ഷേ ദൈവത്തിന്റെ ദൃഷ്ടിയെ മറയ്ക്കുവാൻ മനുഷ്യനു സാധിക്കുകയില്ല. മനുഷ്യജീവിതത്തിലെ ദിശാസൂചിയാണ് മനഃസാക്ഷി. ജീവിതത്തിന്റെ സങ്കീർണ്ണമായ നാൽക്കവലകളിൽ അതു വഴികാട്ടിയാകുന്നു. ശരിയായ ദിശയിലേക്കു മനുഷ്യനെ നയിക്കുന്നു. തെറ്റുകളിലും തിന്മകളിലും അകപ്പെട്ടുപോകാതെ മനുഷ്യനെ കാക്കുന്ന ഒരു സ്വാഭാവിക ആന്തരിക സുരക്ഷാ സംവിധാനമാണ് മനഃസാക്ഷി. നമ്മുടെ മാനസിക ഭാവങ്ങളെയും തീരുമാനങ്ങളെയും മനഃസാക്ഷി സ്വാധീനിക്കുന്നു. ചിന്തകളെയും പെരുമാറ്റങ്ങളെയും നിയന്ത്രിക്കുന്നു. നമ്മുടെ പ്രവർത്തികളുടെ ശരി തെറ്റുകളെപ്പറ്റിയുള്ള അവബോധം വളർത്തുന്നത് മനഃസാക്ഷിയാണ്. അത് നമുക്ക് ധാർമ്മിക ഉൾകാഴ്ചയും നന്മതിന്മകളെപ്പറ്റിയുള്ള വിവേചനവും നൽകുന്നു. പണമുണ്ടാക്കാനുള്ള അമിതാവേശം ഒരു ലഹരിയായി മാറിയ പല മനുഷ്യരും ധാർമ്മിക മൂല്യങ്ങൾ കൈവെടിഞ്ഞു മനഃസാക്ഷി മരവിച്ച അവസ്ഥയിലേയ്ക്ക് കൂപ്പുകുത്തുന്നതും മാനസികമായി പാപ്പരാകുന്നതും നമുക്കു കാണാം.

രോഗാണുക്കൾ ശരീരത്തിൽ പ്രവേശിക്കുമ്പോൾ അവയെ പ്രതിരോധിക്കുന്നതിനും പുറം തള്ളുന്നതിനുമായി ശരീരോഷ്മാവ് ഉയരുന്നു. പനികൊണ്ട് ശരീരം രോഗാണുക്കളെ പ്രതിരോധിക്കാൻ ശ്രമിക്കുന്നു. ഇത് ശരീരത്തിന്റെ സ്വാഭാവിക സ്വയംരക്ഷാ സംവിധാനമാണ്. അതുപോലെ തന്നെ മനുഷ്യൻ തിന്മയിൽ വീഴുമ്പോൾ സ്വാഭാവികമായി ഒരു ആന്തരിക സംഘർഷം ഉടലെടുക്കുന്നു. തിന്മയും ദുഷ്ട പ്രവർത്തികളും മനുഷ്യനിൽ ഭയവും കുറ്റബോധവും അപമാനചിന്തയും എല്ലാം ജനിപ്പിക്കുന്നു. മനഃസാക്ഷി തിന്മയെ ചെറുക്കാൻ ശ്രമിക്കുന്നതുകൊണ്ടാണിത്. മനുഷ്യൻ തിന്മയിൽ നിന്നകലുമ്പോൾ അവന്റെ ആന്തരിക സംഘർഷം അവസാനിപ്പിച്ച് മാനസ്സിക ശാന്തിയും ആനന്ദവും കൈവരുന്നു. യഥാർത്ഥത്തിൽ നമ്മുടെ പ്രവർത്തികളെ വിധിക്കുന്ന ശക്തിയാണ് മനഃസാക്ഷി. രാഷ്ട്രം ആവശ്യപ്പെട്ടാൽപോലും മനഃസാക്ഷിക്കു വിരുദ്ധമായി യാതൊന്നും ചെയ്യരുത് എന്നാണ് ആൽബർട്ട് ഐൻസ്റ്റീൻ ഉദ്ബോധിപ്പിക്കുന്നത്. മനുഷ്യ മനഃസാക്ഷിയുടെ അമൂല്യതയും മഹിമയും നിസ്സീമമാണ്. അത് മനസ്സിലാക്കുകയും അംഗീകരിക്കുകയുമാണ് മനുഷ്യധർമ്മം. നമ്മുടെ മാനസ്സിക ഭാവങ്ങളെയും തീരുമാനങ്ങളെയും മനഃസാക്ഷി സ്വാധീനിക്കുന്നു. ചിന്തകളെയും പെരുമാറ്റങ്ങളെയും നിയന്ത്രിക്കുന്നു. ധാർമ്മിക ഉൾക്കാഴ്ച നൽകുന്നു. നന്മകളെപ്പറ്റിയുള്ള വിമോചനം നൽകുന്നു. പക്ഷേ മനഃസാക്ഷിയെ നിരന്തരം അവഗണിക്കുകയും സ്വാർത്ഥ ലാഭത്തിനായി ഏതു തരം അധാർമ്മിക പ്രവർത്തനം നടത്തുന്നതിനും ഒരു ചെറിയ വിഭാഗം മനുഷ്യർ സമൂഹത്തിൽ സൃഷ്ടിക്കുന്ന

അസ്വസ്ഥത വളരെ കൂടുതലാണ്. പത്രദൃശ്യമാദ്ധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പല ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾക്കും പിന്നിൽ മനഃസാക്ഷിയുടെ അഭാവം നമുക്കു കാണുവാൻ സാധിക്കും. പൊതുസ്വത്തു കൊള്ളയടിക്കാനും വനം കൊള്ളയും മരം മുറിക്കലും ഉൾപ്പെടെയുള്ള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ പെരുകുന്നതും മനഃസാക്ഷി മരവിച്ചവരുടെ അവിശുദ്ധ കൂട്ടുകെട്ടിന്റെ പരിണിത ഫലമാണ്.

രാഷ്ട്രപിതാവ് ഗാന്ധിജിയുടെ ചെറുപ്പത്തിലെ ഒരു സംഭവം. തന്റെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെ ഒന്നാം വർഷം. ഒരു ദിവസം ഇൻസ്പെക്ടർ പരിശോധനയ്ക്കായി ക്ലാസ്സിലെത്തി. അഞ്ച് ഇംഗ്ലീഷ് വാക്കുകൾ എഴുതുവാൻ വിദ്യാർത്ഥികളോട് അദ്ദേഹം ആവശ്യപ്പെട്ടു. അതിൽ കെറ്റിൽ (kettle) എന്നൊരു വാക്ക് ഉണ്ടായിരുന്നു. എം. കെ.ഗാന്ധിക്ക് ഇതിന്റെ അക്ഷരങ്ങൾ അറിയില്ലായിരുന്നു. അടുത്തിരുന്ന കുട്ടിയുടെ ബുക്കിൽ നോക്കി എഴുതുവാൻ ക്ലാസ്സ് ടീച്ചർ ആംഗ്യം കാണിച്ചെങ്കിലും അദ്ദേഹം അതിനു വഴങ്ങിയില്ല. ഗാന്ധിജി ഇതിനെക്കുറിച്ച് പിന്നീട് ഇങ്ങനെ എഴുതി. ഞാൻ മാത്രം വിഡ്ഢിയായിത്തീർന്നു. ഞാൻ ചെയ്തതു വിഡ്ഢിത്തമാണെന്ന് എന്നെ ധരിപ്പിക്കുവാൻ അദ്ധ്യാപകൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ അതു പ്രയോജനപ്പെട്ടില്ല. കോപ്പിയടി എന്ന കല അഭ്യസിക്കുവാൻ എന്റെ മനഃസാക്ഷി എന്നെ അനുവദിച്ചില്ല. അന്ന് അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മുൻപിൽ തരം താഴ്ത്തപ്പെട്ട എം. കെ.ഗാന്ധി പിന്നീട് ഭാരതത്തിന്റെ രാഷ്ട്ര പിതാവായി ലോകം മുഴുവൻ അറിയപ്പെട്ടു. ഉന്നത പരീക്ഷകളിൽ ആൾമാറാട്ടം ഉൾപ്പെടെയുള്ള കലാപരിപാടികൾ അരങ്ങു വാഴുന്ന ഈ കാലഘട്ടം മനഃസാക്ഷി എന്ന ധർമ്മവുമായി എത്ര മാത്രം അകന്നിരിക്കുന്നു. യഥാർത്ഥ ആനന്ദത്തിന്റെ അടിത്തറ മനഃസാക്ഷിയിൽ കുടികൊള്ളുന്നു.

●

---

# *FINANCIAL ASSISTANCE TO WORK ABROAD*

ക്നാനായ അതിഭദ്രാസനം റാന്നി മേഖലയുടെ ആഭിമുഖ്യത്തിൽ ക്നാനായ സമുദായത്തിലെ ഉന്നത പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയ സാമ്പത്തിക പ്രയാസം നേരിടുന്ന സമർത്ഥരായവർക്ക് വിദേശത്ത് ജോലിക്ക് പോകുവാൻ സാമ്പത്തികമായി സഹായിക്കുവാൻ, സമുദായത്തെ സ്നേഹിക്കുന്ന സന്മനസ്സുള്ള റാന്നി സ്വദേശിയായ ഒരു വ്യക്തി നൽകിയ പത്തുലക്ഷം രൂപ ഉപയോഗിച്ച് "Helping fund" രൂപീകരിച്ചിച്ചിട്ടുള്ള വിവരം ഇതിനകം ഏവർക്കും അറിവുള്ളതാണല്ലോ.

ഇന്ത്യയിൽ പ്രൊഫഷണൽ കോഴ്സുകളിൽ ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കുന്നവർക്ക് വിദേശ രാജ്യങ്ങളിൽ (ഗൾഫിൽ ജോലിക്കുള്ള അവസരങ്ങൾ കുറഞ്ഞുവരുന്നതിനാൽ ഗൾഫ് ഒഴികെ) നല്ല ജോലി ലഭിക്കുന്നവർക്ക് (പഠനം ഒഴിച്ച്) വിസയ്ക്കും Flight ticket നും ഉള്ള ഒരു ലക്ഷം രൂപ ഒരാൾക്ക് വീതം നൽകുവാനാണ് ഫണ്ട് നൽകിയിരിക്കുന്ന സമുദായ സ്നേഹിയുടെ നിർദ്ദേശം, വൈദികരും ഫണ്ട് ദാതാവും അടങ്ങുന്ന അഞ്ചംഗസമിതി അംഗീകരിച്ചത്. ജോലി ലഭിച്ച് പത്തുമാസത്തിനുള്ളിൽ ഈ തുക മടക്കി നൽകേണ്ടതാണ്. ഇതിലൂടെ പത്ത് വ്യക്തികൾ വികസിത രാജ്യങ്ങളിൽ പോയി നല്ല ജോലി കരസ്ഥമാക്കുന്നതുവഴി പത്തു കുടുംബങ്ങളും അവരെ ആശ്രയിച്ചു കഴിയുന്നവരും, പുരോഗതിയിലേയ്ക്ക് വരുന്നതാണ്. കൂടാതെ അവർ ജോലി ലഭിച്ചു കഴിഞ്ഞ് ഫണ്ട് മടക്കിത്തരുമ്പോൾ അടുത്ത പത്തു പേർക്കു കൂടെ സാമ്പത്തിക സഹായം നൽകുവാനും കഴിയും. വായ്പ വാങ്ങിയ വ്യക്തിയുടെ സാമ്പത്തികനില മെച്ചമായിക്കഴിയുമ്പോൾ പിന്നീട് ഒരു ലക്ഷം രൂപ അവർ സംഭാവനയായി ഈ ഫണ്ടിലേയ്ക്ക് നൽകുവാൻ മനസ്സു കാണിക്കണം. അപ്പോൾ കൂടുതൽ പേരെ സഹായിക്കുവാൻ കഴിയും. ഇങ്ങനെ തുടർച്ചയായ സഹായ സഹകരണങ്ങളിലൂടെ ക്നാനായ സമുദായത്തിലെ പാവപ്പെട്ട എല്ലാവരെയും സാമ്പത്തിക ഉയർച്ചയിലേയ്ക്ക് കൊണ്ടുവരുക എന്നതാണ് ഫണ്ട് നൽകിയ, പേർ വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത സമുദായ സ്നേഹിയായ ദാതാവിന്റെ ലക്ഷ്യവും വിശാല മനസ്സും..

വിദേശത്തു ജോലി ലഭിക്കുന്നയാൾ വിസാ ലഭിച്ചു കഴിയുമ്പോൾ, അതിന്റെ കോപ്പിയും ബഹു. വികാരി അച്ചന്റെ സാക്ഷ്യപത്രവും സ്വന്തം അപേക്ഷസഹിതം റാന്നിയിലുള്ള ഉറഹ ബിഷപ്സ് ഹൗസിൽ സമർപ്പിക്കേണ്ടതും അഞ്ചംഗ സമിതി പരിശോധിച്ച് അർഹരാണെങ്കിൽ ഒരു അപേക്ഷകന്/അപേക്ഷയ്ക്ക് ഒരു ലക്ഷം വീതം രൂപ നൽകുന്നതാണ്.

16-02-2021 ൽ കൂടിയ "Helping fund Committee" യുടെ തീരുമാനപ്രകാരം സമുദായത്തിലെ B.Sc Nursing ഉം OET യും പാസ്സായ ചിങ്ങവനത്തുള്ള ഒരു പെൺകുട്ടിക്ക് അയർലണ്ടിൽ പോകുവാൻ ഒരു ലക്ഷം രൂപ നൽകുവാൻ കഴിഞ്ഞതിനെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. ആ കുട്ടി അയർലണ്ടിൽ എത്തിച്ചേരുകയും നാല് മാസം കൊണ്ട് വായ്പ തുക മുഴുവനായി 25-06-2021 ഓടുകൂടി മടക്കി നൽകുകയും ചെയ്തത് സന്തോഷത്തോടെ അറിയിക്കട്ടെ.

10 ലക്ഷം രൂപ തന്ന് പാവങ്ങൾക്ക് കൈത്താങ്ങൽ നൽകി ഈ ഫണ്ട് രൂപീകരിക്കുവാൻ സഹായിച്ച ആ കുടുംബത്തെയും അവരുടെ എല്ലാ സംരംഭങ്ങളെയും ദൈവതിരുസന്നിധിയിൽ ഓർക്കുകയും അവർക്കും അവർ മുഖാന്തിരം വിദേശങ്ങളിൽ പോകുവാൻ സാധിക്കുന്നവർക്കും സർവ്വശക്തനായ ദൈവം നന്മകൾ നൽകുവാൻ പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

എന്ന്

"Helping fund Committee" യ്ക്കുവേണ്ടി

**കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ**

ക്നാനായ അതിഭദ്രാസനം, റാന്നി ബാഹ്യകേരള മേഖല

ഉറഹ ബിഷപ്സ് ഹൗസ്, റാന്നി

●




**റവ. ഫാ. രജീഷ് സ്കറിയ, മധുരംകോട്ട്,**
**(വികാരി, സെന്റ്മേരീസ് ക്നാനായപള്ളി, മാമംഗംലം, എറണാകുളം)**

### പെന്തിക്കോസ്തിക്ക് ശേഷം 8-ാം ഞായർ (മർക്കോ. 8:1-10) 18-07-2021

ഈ വേദഭാഗത്തിലെ പ്രധാന സംഭവം എന്ന് പറയുന്നത് ഏഴപ്പവും, കുറെ ചെറുമീനുംകൊണ്ട് 4000 പേരെ പോഷിപ്പിച്ചതായ കാര്യമാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്.

മൂന്ന് ദിവസമായി യേശുവിന്റെ കൂടെ ആയിരുന്ന ജനത്തോട് യേശുവിന് മനസ്സലിവ് തോന്നുകയാണ്. തന്റെ മക്കളുടെ ദുരിതങ്ങളിലും വേദനകളിലും, മനസ്സലിവ് തോന്നുന്നവനാണ് യേശു.

യേശുതമ്പുരാൻ തന്റെ ശുശ്രൂഷയുടെ ഭാഗമായി ഇടയനില്ലാത്ത ആടുകളെപ്പോലെ വലഞ്ഞിരുന്ന ജനത്തിന് 3 കാര്യങ്ങൾ നൽകി. ദൈവരാജ്യത്തിന്റെ സുവിശേഷം, രോഗികൾക്കു സൗഖ്യം, വിശന്നവർക്ക് ഭക്ഷണം.

യേശുവിന്റെ അടുക്കൽ ജനങ്ങൾ എത്തുകയും 3 രാവും 3 പകലും പ്രസംഗങ്ങൾ കേട്ട് ഇരിക്കുകയും ചെയ്യുന്നു. ഇന്ന് നമുക്ക് കേൾക്കാൻ സമയം ഇല്ല. മൂന്ന് ദിവസം ദൈവസന്നിധിയിൽ ഇരുന്ന ജനത്തെ ആദരവോടെ വീക്ഷിക്കണം. നിങ്ങൾ തന്നെ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പീൻ എന്ന കർത്തൃ കല്പന എക്കാലവും സഭയ്ക്ക് മാതൃകയാകണം. യേശുവിന്റെ വാക്കുകൾക്ക് ജനം കാതോർത്തിരുന്നു. ജനത്തിന്റെ വലിപ്പംകണ്ട് എങ്ങനെ ശുശ്രൂഷകൾ നിർവ്വഹിക്കും എന്ന് ആകുലപ്പെടേണ്ടതില്ല. ചുമതലയിൽ നിന്ന് പിന്തിരിയേണ്ടതുമില്ല. തന്റെ വീട്ടുകാർക്ക് തക്ക സമയത്ത് ഭക്ഷണം കൊടുക്കുന്നതിനായിട്ടാണല്ലോ വേലക്കാരെ നിയമിച്ചിരിക്കുന്നത്.

ആത്മീയവും ശാരീരികവുമായ ഭക്ഷണം കൊടുക്കുന്നവനാണ് യേശു. തളരാതെ ബലം നൽകാൻ യേശു തയ്യാറാണ്. എല്ലാം അറിയുന്നവനായ യേശു അവർക്കാവശ്യമുള്ളവ യഥാവിധി നൽകാൻ വിധം സമ്പന്നനും സമൃദ്ധിയുടെ ഭണ്ഡാരവുമാണ്. വിശക്കുന്നവന് ആഹാരം കൊടുക്കുന്നത് സ്വർഗ്ഗരാജ്യാവകാശത്തിനുള്ള ഒരു മാർഗ്ഗമാണെന്നു യേശു പഠിപ്പിക്കുന്നു.

ആദിമ സഭയിൽ ആരാധനയോട് ചേർന്ന് സ്നേഹവിരുന്ന് ഉണ്ടായിരുന്നത് എത്ര അർത്ഥവത്തായിരുന്നു. ആത്മീയ ഭക്ഷണവും ഭൗതിക ഭക്ഷണവും ഒരുപോലെ പങ്കിടുന്ന അവസ്ഥ. ഒരു കുടുംബത്തിൽ തന്നെ താമസിക്കുന്ന ഭവനാംഗങ്ങളുടെ സ്നേഹവും പരസ്പര കരുതലും മനസ്സിലാക്കുവാൻ കഴിയുന്നത് ഭക്ഷണം ഒന്നിച്ച് കഴിക്കുന്ന സന്ദർഭങ്ങളിലാണ്. കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും അനുഭവം ആണ് ഭക്ഷണം പങ്കുവെക്കൽ. അതുകൊണ്ടാണ് പ്രതിഷേധം രേഖപ്പെടുത്താൻ ഭക്ഷണം കഴിക്കാതെ ചില പ്പോൾ ആളുകൾ പോകുന്നത്.

യേശു തമ്പുരാൻ ശിഷ്യന്മാരോട് പറയുകയാണ്, നിങ്ങൾക്കുള്ളത് കൊണ്ടുവരുവീൻ. യേശുവിനുവേണ്ടി കരുതുക. ഉള്ളത് പങ്കിട്ട് ജീവിക്കാനും ശീലിപ്പിക്കുന്നവനാണ് യേശു. കൊടുത്താൽ കിട്ടും എന്ന തത്വം ഓർമ്മിപ്പിക്കുന്നു. കൊടുത്താൽ യേശു വർദ്ധിപ്പിച്ചു തരും. അവിടെ സമാധാനവും സംതൃപ്തിയും വർദ്ധിക്കും വാഴ്ത്തിയപ്പോൾ കൂടുതൽ ഉണ്ടാകുന്നു. ഏത് കാര്യവും തുടങ്ങുന്നത് പ്രാർത്ഥനയോടെയാകാൻ യേശു പ്രത്യേകം കാണിച്ചു തരുന്നു. പ്രാർത്ഥനയ്ക്ക് ഫലം കിട്ടുന്നത് മറ്റുള്ളവർ കണ്ട് സന്തോഷിക്കുന്നു.

നാം പലപ്പോഴും പ്രാർത്ഥനയിൽ ദൈവത്തോട് പല കാര്യങ്ങളും ആവശ്യപ്പെടും. ദൈവമേ, നീ ഇന്നത് ചെയ്ത് തരണം. അതിനുള്ള ദു:സ്വാതന്ത്ര്യം നമ്മൾക്കില്ല. പ്രശ്നങ്ങൾ ദൈവ തിരുമുമ്പാകെ സമർപ്പിക്കുക. ദൈവഹിതത്തിനായി കാതോർക്കുക. അവൻ പറയുന്നത് അനുസരിക്കുക.

നമ്മുടെ പക്കൽ എന്തുണ്ടോ അത് ദൈവത്തിന് സമർപ്പിക്കുമ്പോൾ ആണ് ദൈവം അവയെ അനുഗ്രഹിച്ച് വർദ്ധിപ്പിക്കുന്നത്. അൽപമായിരിക്കുന്നത് വർദ്ധിപ്പിച്ച് എല്ലാവരെയും തൃപ്തിപ്പെടുത്തുവാൻ ദൈവത്തിന് സാധിക്കും. നമ്മുടെ കഴിവുകളും താലന്തുകളും, പ്രതീക്ഷയും എല്ലാം ദൈവമുമ്പാകെ സമർപ്പിക്കണം. ദൈവം നമ്മെ ഏൽപ്പിക്കുന്ന ഉത്തരവാദിത്വം നമുക്ക് ഏറ്റെടുക്കാം. നമ്മുടെ പാതയിൽ എന്തെങ്കിലും കുറ്റങ്ങളോ കുറവുകളോ ഉണ്ടായാൽ അതിന്റെ പിഴ സ്വയം ഏറ്റെടുത്ത് ദൈവത്തോട് മാപ്പിരക്കണം. തീർച്ചയായും ദൈവം നമ്മോട് ക്ഷമിച്ച് നേർവഴിയിൽ നമ്മെ നടത്തും.

### പെന്തിക്കോസ്തിക്ക് ശേഷം 9-ാം ഞായർ (ലൂക്കോ. 14:7-17) 25-07-2021

ക്ഷണിക്കപ്പെട്ടവർ മുഖ്യാസനങ്ങളെ തെരഞ്ഞെടുക്കുന്നത് കണ്ടിട്ട് യേശു ഒരുപമയിലൂടെ, മനുഷ്യജീവിതത്തിൽ നാം ചെയ്യേണ്ട സാമാന്യ മര്യാദകളിൽ ഒന്ന് വ്യക്തമാക്കുകയാണ് ഈ വേദഭാഗത്ത്. സ്വയം താഴ്ത്തുക എന്ന മനോഭാവം ഇന്ന് മനുഷ്യ ജീവിതത്തിൽനിന്ന് അപ്രത്യക്ഷമായിരിക്കുന്നു. മുഖ്യാസനങ്ങൾ അന്വേഷിക്കുന്ന പ്രമാണികളെ കണ്ട് യേശു ദുഃഖിക്കുന്നു.

മനുഷ്യരുടെ മുമ്പാകെ എളിയവർ ദൈവമുമ്പാകെ ഉന്നതർ ആകും. മറ്റുള്ളവരെ അംഗീകരിക്കുന്നവരാണ് താഴ്മയുള്ളവർ. മറ്റുള്ളവർ തന്നെക്കാൾ ബഹുമാന്യരെന്ന് ഓർക്കുക. ലൂക്കോ.14:11 തന്നെത്തന്നെ താഴ്ത്തുന്നവനെല്ലാം ഉയർത്തപ്പെടും.

സ്വാർത്ഥത, അഹങ്കാരം, നിഗളം, അസൂയ ഇവ മൂലമാണ് പലപ്പോഴും ഒരു മനുഷ്യന് താൻ ഉന്നതനാണെന്ന് തോന്നൽ ഉണ്ടാകുന്നത്. ക്ഷണിതാക്കളിൽ ഒരാളാണ് ഞാനും എന്ന് ചിന്തിച്ചാൽ മുഖ്യ സ്ഥാനം നാം അന്വേഷിക്കയില്ല. സമൂഹത്തിൽ ഉന്നതൻ എന്ന് കരുതി സ്വയമായി മുഖ്യാസനം പ്രാപിച്ചയാളിനെ തന്നെക്കാൾ മാന്യനായവൻ വന്നപ്പോൾ വീട്ടുടമസ്ഥൻ മാറ്റി ഇരുത്തുന്നു എന്ന് കർത്താവ് ചൂണ്ടിക്കാണിക്കുന്നതിൽനിന്നും സ്വയം ഉയർത്തപ്പെടുന്നവർ മറ്റുള്ളവർക്ക് മുമ്പിൽ പരിഹാസപരമായിത്തീരുമെന്നത് മന

സ്സിലാക്കിത്തരുന്നു. എളിമയും താഴ്മയും, ജീവിതത്തിന്റെ ഉയർച്ചയുടെ ഉരകല്ലാണ്. വലിയ മനുഷ്യരുടെ ലക്ഷണമാണ് എളിമ എന്ന് നമുക്ക് കാട്ടിത്തന്ന വ്യക്തികളാണ് മഹാത്മാ ഗാന്ധി, ഏബ്രഹാം ലിങ്കൺ, മദർതെരേസ തുടങ്ങിയവർ.

ഒന്നുമില്ലാതിരിക്കെ എല്ലാമാണെന്നു വിചാരിക്കുന്നവർ യഥാർത്ഥത്തിൽ വലിയവർ അല്ല. തന്നെത്താൻ താഴ്ത്തപ്പെടുന്ന അനുഭവം നമുക്ക് ഉണ്ടാകണം. കർത്താവായ യേശുക്രിസ്തുവിന്റെ വൈശിഷ്ട്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് എളിമ. ദൈവപുത്രൻ സ്വയം നിസ്സാരനായി മനുഷ്യവർഗ്ഗത്തിന്റെ രക്ഷ സാധ്യമാക്കിത്തീർത്തപ്പോൾ പിതാവാം ദൈവം അവനെ ഉയർത്തി.

എത്രമാത്രം അറിവും ശക്തിയും, കഴിവും നമ്മൾക്കുണ്ടായാലും എല്ലാം ദൈവകൃപയിലാണെന്നുള്ള ബോധ്യത്തിലേക്ക് വരുമ്പോഴാണ് എളിമയുടെ ഉടമയാകുന്നതും, പൗലോസ് ശ്ലീഹായെപ്പോലെ ഞാൻ ആയിരിക്കുന്നത് ദൈവകൃപയിൽ ആകുന്നു എന്ന് പറയാൻ സാധിക്കുന്നതും.

യേശുക്രിസ്തുവിന്റെ ഭാവമാണ് താഴ്മയുടെ ഭാവം യോഹ. 3:30.- അവനോ വളരേണം, ഞാനോ കുറയേണം എന്ന് യോഹന്നാൻ സ്നാപകൻ പറയുന്നു. സദൃ. 22:4.-താഴ്മയ്ക്കും യഹോവ ഭക്തിക്കും ഉള്ള പ്രതിഫലം ധനവും, മാനവും, ജീവനും ആകുന്നു. എനിക്ക് എപ്പോഴും ഒന്നാമനാകേണം, മറ്റുള്ളവരേക്കാൾ എപ്പോഴും കേമനാകണം എന്നപരിധിവിട്ടുള്ള ചിന്തയോടുകൂടി ജീവിക്കുന്നവർ പലപ്പോഴും പരിഹാസ പാത്രങ്ങളാവും. നാം സ്വയം പുകഴ്ത്തുകയല്ല, മറ്റുള്ളവർ നമ്മെ പുകഴ്ത്തുകയാണ് വേണ്ടത്. എവിടെയും എപ്പോഴും താഴ്മ ശീലിക്കുമ്പോൾ നമ്മിലെ അസ്വസ്ഥതകളെ അതിജീവിക്കുവാൻ നമുക്ക് കഴിയും. മുൻ സീറ്റ് പിടിക്കുവാൻ വെമ്പൽ കൊള്ളുന്നവരെപ്പോലെയും, ബഹുമതികൾക്കും സ്ഥാനമാനങ്ങൾക്കും, കീർത്തിക്കും പിന്നാലെ പരക്കം പായുന്നവരെപ്പോലെയും ആകാതെ നമ്മെ ഏൽപ്പിച്ചിരിക്കുന്ന ജോലികൾ സന്തോഷത്തോടും, താഴ്മയോടും, ചെയ്യാൻ ശ്രമിക്കാം. മത്താ. 5:5 സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ അവർ ഭൂമിയെ അവകാശമാക്കി അനുഭവിക്കും. നാം മുഖ്യസ്ഥാനത്തേക്കുള്ള ദുരാശ നിഗ്രഹിച്ചുകൊണ്ട് ദൈവീക താഴ്മ ധരിച്ചുകൊണ്ട്, മറ്റുള്ളവരെ ആദരിക്കുകയും, ബഹുമാനിക്കുകയും താഴ്മയുടെ പിടിയിൽനിന്നുകൊണ്ട് കാര്യങ്ങളെ വീക്ഷിക്കുവാൻ ശ്രമിക്കുകയും ചെയ്യുക.

## പെന്തിക്കോസ്തിക്ക് ശേഷം 10-ാം ഞായർ
## (മത്താ. 18:1-14) 01-08-2021

തങ്ങളിൽ ആരാണ് വലിയവൻ എന്നുള്ള ശിഷ്യന്മാരുടെ തർക്കത്തിന് യേശുവിന്റെ പ്രതികരണമാണ് ഈ സുവിശേഷഭാഗം. ഒരു ശിശുവിനെ അടുക്കൽ വിളിച്ച് ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ ആണ് സ്വർഗ്ഗത്തിൽ വലിയവൻ എന്ന് യേശു അവരോട് പറഞ്ഞു.

ഇപ്രകാരം ഒരു ചോദ്യം ശിഷ്യന്മാർ അവരുടെ ഗുരുവിനോട് ചോദിച്ചതിൽനിന്ന് ഈ ശിഷ്യന്മാർ തങ്ങളുടെ ഹൃദയവിചാരത്തിൽ സ്വർഗ്ഗത്തെക്കുറിച്ചും മരണാന്തര ജീവിതത്തെക്കുറിച്ചും പല പ്രകാരത്തിൽ ചിന്തിച്ചുവരുന്നവരാണ് എന്നുള്ളത് വ്യക്തമാകുന്നുണ്ട്.

പത്രോസിനും, യാക്കോബിനും, യോഹന്നാനും പല സന്ദർഭങ്ങളിൽ ലഭിച്ച പ്രാധാന്യവും, യേശുവിനും പത്രോസിനും വേണ്ടി മാത്രം തലവരിപ്പണം കൊടുക്കുവാൻ നിർദ്ദേശിച്ച സംഭവവും ഒക്കെയായിരിക്കും ഇങ്ങനെ ഒരു ചർച്ച ശിഷ്യന്മാരുടെ ഇടയിൽ ഉണ്ടാകാൻ കാരണം. തങ്ങൾ അവഗണിക്കപ്പെടുന്നുണ്ടോ എന്ന തോന്നൽ മനുഷ്യമനസ്സിന്റെ പ്രത്യേകതയാണ്. മത്താ. 18:4- തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നാണ് യേശു പറഞ്ഞിരിക്കുന്നത്. സ്വർഗ്ഗരാജ്യം ഐഹികമല്ല. സ്വർഗ്ഗരാജ്യം ഒരു യാഥാർത്ഥ്യമാകുന്നു. എളിമയും താഴ്മയും ഉള്ളവർക്കേ നല്ലവരാകാനാവു. നല്ലവർക്കേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശനമുള്ളു. ശിശുക്കൾ ആരെയും ഭരിക്കുവാൻ ആഗ്രഹിക്കുന്നില്ലല്ലോ. മറിച്ച് സ്നേഹം നൽകുവാനും, സ്നേഹിക്കപ്പെടുവാനും ആഗ്രഹിക്കുന്നവർ ആണ്. മറ്റുള്ളവർ തങ്ങളെക്കാളും ശ്രേഷ്ഠരാണെന്നുള്ള ബോധ്യത്തിൽ അവർ ചെയ്യുന്നതും പറയുന്നതുംപോലെ അനുകരിക്കാനും ശ്രമിക്കുന്നു. കാപട്യമില്ലാതെയും വിനീത ഹൃദയത്തോടും പൂർണ്ണമായ ആശ്രയത്തിന്റെയും ആത്മാവിലാണ് ശിശുക്കൾ വളരുന്നത്. ഈ സ്വഭാവം സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുവാൻ ഒരുവന് പ്രാപ്തി നൽകും.

മത്താ.18:6-10 ഇടർച്ച വരുത്തരുത്, ഏത് അവയവമാണോ ഇടർച്ച വരുത്തുന്നത്, അതിനെ ഇല്ലാതാക്കിയിട്ടായാലും സ്വർഗ്ഗരാജ്യം അഭികാമ്യം എന്ന് ഈ ഭാഗത്ത് പറയുന്നുണ്ട്. നമുക്ക് ഇഷ്ടവും സ്നേഹവും അടുപ്പുമുള്ളവരായാൽപോലും അവർ സത്യവിരുദ്ധമായി പ്രവർത്തിക്കുകയോ സംസാരിക്കുകയോ ചെയ്താൽ അവരെപ്പോലും ഉപേക്ഷിക്കുവാൻ തയ്യാറാകണം. മത്താ. 18:14-ചെറിയവൻപോലും നശിച്ച് പോകുന്നത് ദൈവത്തിന് ഇഷ്ടമല്ല.

വഴിതെറ്റിൽനിന്നും ഒരു തവണ രക്ഷിക്കുന്നത് മരണത്തിൽനിന്ന് രക്ഷിക്കുന്നതിന് സമമായി ദൈവം കരുതുന്നു. ജീവിതത്തിൽ നഷ്ടം ഇഷ്ടപ്പെടാത്ത ദൈവം ലാഭം മാത്രലാക്കാക്കി സ്നേഹ ത്തോടെ കരുതുന്നു. ദൈവത്തിന്റെ അളവറ്റ സ്നേഹമാണതിനു കാരണം.

ദൈവമേ, നിന്റെ ഇഷ്ടം ഈ ഭൂമിയിൽ വരേണമെ എന്ന് നാം പ്രാർത്ഥിക്കുന്നു. ഈ പ്രാർത്ഥന പൂർണ്ണമായും സഫലമാകുന്നെങ്കിൽ ചെറിയവരിൽ ഒരുവൻപോലും നശിച്ച് പോകുന്നതിന് സംഗതിയാകുകയില്ല. നശിച്ച് പോകുക എന്ന പദംകൊണ്ട് ആത്മീയ ജീവന്റെ നാശമാണ് അർത്ഥമാക്കുന്നത്. ഇപ്രകാരം സംഭവിക്കാതിരിക്കാൻ നാം കൂടുതലായി ചെയ്യേണ്ടത് ജീവിതത്തിൽ ആത്മീയമായ ശുഷ്കാന്തി ഉള്ളവരായിരിക്കണമെന്നുള്ളതാണ്. വീഴാതെവണ്ണം നമ്മെ സൂക്ഷിച്ച് തന്റെ മഹിമാ സന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിർത്തുവാൻ ശക്തിയും ബലവും ഉള്ളവനാണ് നമ്മുടെ നാഥനായ ക്രിസ്തു എന്ന് നാം അറിയുകയും വിശ്വസിക്കുകയും വേണം. (യൂദാ.24:25)

## കൂടാരപ്പെരുന്നാളിനുശേഷം 1-ാം ഞായർ
## (മത്താ. 21:28-32) 08-08-2021

ഒരു പിതാവും രണ്ടു മക്കളും ആണ് ഈ സുവിശേഷഭാഗം. വിധേയത്വവും അനുസരണവുമില്ലാത്ത മക്കൾ മാതാപിതാക്കൾക്ക് ദുഃഖകരമായിത്തീരാറുണ്ട്. മുന്തിരിത്തോട്ടത്തിലേക്ക് പോകാൻ ഒന്നാമത്തെ മകനോട് ആവശ്യപ്പെട്ടപ്പോൾ അവൻ വിസമ്മതിച്ചു. രണ്ടാമത്തവൻ പോകാമെന്ന് പറഞ്ഞെങ്കിലും പോയില്ല. സമ്മതിച്ച കാര്യങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ കഴിയാത്തത് പലരുടെയും ബലഹീനതയാണ്.

മുന്തിരിത്തോട്ടം എന്നത് സഭയ്ക്കു സമമാണ്. മനുഷ്യന്റെ വക മുന്തിരിത്തോട്ടം. ഇവിടെ ദൈവത്തെ ഉദ്ദേശിക്കുന്നു. സഭ എന്നത് ഈ ലോകത്തെ മുഴുവനായും എടുക്കാം. ഇവിടുത്തെ വേല ദൈവീക വേലയുമെന്നറിയണം. വേല ചെയ്യാൻ മനസ്സില്ല എന്നത് പ്രവർത്തനമില്ലാത്ത മനുഷ്യന് സമമാകുന്നു. വിശ്വാസ പ്രതിജ്ഞകൊണ്ടുമാത്രമല്ല, പ്രവർത്തിയിലൂടെ വിശ്വാസം തെളിയിക്കാൻ തയ്യാറാകണം.

ഒന്നാമത്തെ മകൻ മാനസാന്തര ജീവിതം കാഴ്ച വയ്ക്കുന്നു. വിശ്വാസവും പ്രവൃത്തിയും ഒരേപോലെ ഒരേ സമയത്ത് നടപ്പാക്കി പിതാവിന്റെ ഇഷ്ടം നടപ്പാക്കി. വിശ്വാസ പ്രവർത്തനങ്ങളാണ് വേല ചെയ്യണം എന്നതുകൊണ്ട് യേശു അർത്ഥമാക്കുന്നത്.

രണ്ടാമത്തെ പുത്രൻ പിതാവ് നിർദ്ദേശിച്ച പ്രവർത്തി ചെയ്യാമെന്നേറ്റിട്ട് ചെയ്യാതിരിക്കുന്നു. ഭംഗിവാക്കിലൂടെ ആദ്യം പിതാവിനെ സന്തോഷിപ്പിച്ച് ആ ദൗത്യത്തിൽ നിന്നും അവൻ പിൻവാങ്ങുന്നു. ദൈവം മക്കളായ നമ്മെ ഏൽപ്പിച്ചിരിക്കുന്ന കാര്യങ്ങൾ ഭംഗിയായി ചെയ്യാതിരുന്നാൽ താലന്ത് നിലത്ത് കുഴിച്ചിട്ട ഭൃത്യനെപ്പോലെ ശിക്ഷാവിധിക്ക് വിധേയരാവും. ഈ മകൻ അനുസരണക്കേട് കാട്ടി പിതാവിൽനിന്നകലുന്നു. വഴി തെറ്റിപ്പോയ മക്കളെ തിരിച്ചു കൊണ്ടു വരുവാൻ ദൈവം ശ്രമിക്കുമ്പോൾ ആ ഉദ്യമത്തിൽനിന്നും പിൻതിരിയാനാണ് പലപ്പോഴും നാം ശ്രമിക്കുന്നത്. ദൈവത്തിന്റെ സൃഷ്ടിയായി മനുഷ്യൻ നഷ്ടപ്പെട്ടുപോകാതെ ദൈവത്തിങ്കലേക്ക് തിരിയണം.

എന്റെ നാഥാ ഞാൻ പോകാം. എങ്കിലും അവൻ പോയില്ല. മാനുഷിക ബലഹീനതകളാണ് ഇവിടെ സൂചിപ്പിക്കുന്നത്. വചനങ്ങൾ കേൾക്കും, പക്ഷെ ജീവിതത്തിൽ ദൈവീകതയില്ല. ലോകമോഹങ്ങളിൽ കുടുങ്ങുമ്പോൾ ദൈവം ഏല്പിച്ച ചുമതലകൾ മറക്കും.

ആധുനീക ലോകത്തിന്റെ രണ്ട് മുഖങ്ങളാണ് ഈ രണ്ട് പുത്രന്മാരിലൂടെ ദൃശ്യമാകുന്നത്. ദൈവത്തിൽ വിശ്വസിക്കുന്നു എന്ന് ബാഹ്യമായി ഏറ്റു പറയുകയും, ദൈവീക നിയമങ്ങൾക്ക് വിരുദ്ധമായി ജീവിക്കുകയും ചെയ്യുന്ന ഒരു വിഭാഗം ഉണ്ട്. സമൂഹത്തിന്റെ മുമ്പിൽ നല്ലപിള്ള ചമഞ്ഞ് നടക്കുന്നവർ ആകാം ഇവർ. കർത്താവെ കർത്താവെ എന്ന് ഇവർ മുടക്കം കൂടാതെ വിളിക്കുന്നുണ്ടെങ്കിലും അവരുടെ ഹൃദയം ദൈവത്തിൽനിന്നും സഹോദരങ്ങളിൽനിന്നും വളരെ ദൂരെയാണ്. മത്താ.7:21– കർത്താവെ കർത്താവെ എന്ന് പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് എന്ന് യേശു പഠിപ്പിക്കുന്നുണ്ട്.

കർത്താവ് ഏറ്റവും കൂടുതൽ വെറുക്കുന്ന രണ്ട് പാപങ്ങളാണ് കപട ഭക്തിയും, ദ്രവ്യാഗ്രഹവും. നമ്മുടെ വാക്കും പ്രവൃത്തിയും ഒന്നായിരിക്കണം. ഒന്ന് പറയുകയും മറ്റൊന്ന് പ്രവർത്തിക്കുകയും ചെയ്യരുത്.

സ്വർഗ്ഗരാജ്യം എന്ന മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുന്നവർക്കെല്ലാം അർഹമായ പ്രതിഫലം പിതാവിൽനിന്ന് ലഭിക്കും. ദൈവീക പ്രവർത്തനങ്ങൾ സഭയിലൂടെ നടത്തി ലോകത്തിലുള്ളവരെ ദൈവത്തോട് അടുപ്പിക്കുകയാണ് നമ്മുടെ ലക്ഷ്യം. അതിലേക്കായി ദൈവം നമ്മെ മാടി വിളിക്കുകയാണ്. ●

# വിശ്വാസം കോറോണ വൈറസ് കോവിഡ്- 19 പശ്ചാത്തലത്തിൽ

**സിജോ ജോസ്, വിലങ്ങൻപാറ**

കർത്താവിൽ പ്രിയ വിശ്വാസികളുടെ സമൂഹമേ, ലോക ചരിത്രത്തിൽ ഇന്നുവരെ കണ്ടിട്ടും കേട്ടിട്ടുമില്ലാത്തവണ്ണം ലോകമാകെ സമ്പന്ന രാഷ്ട്രമെന്നോ ദരിദ്ര രാജ്യമെന്നോ വ്യത്യാസം ഇല്ലാതെ കോറോണ അല്ലെങ്കിൽ കോവിഡ്–19 എന്ന ചെറിയ പകർച്ചവ്യാധി വൈറസിന്റെ ഭീതിയിൽ രോഗം പിടിപെട്ടോ രോഗം വരുമെന്ന ഭീതിയിലോ അകപ്പെട്ടിരിക്കുകയാണല്ലോ! ചരിത്രത്തിൽ കേട്ടുകേൾവി പോലും ഇല്ലാത്തവണ്ണം ആരാധനാലയങ്ങളിലെ വി. കുർബ്ബാന ഉൾപ്പെടെയുള്ള ശുശ്രൂഷകൾ സാധാരണ വിശ്വാസികൾക്ക് നൂതന മാധ്യമങ്ങളിൽ മാത്രം ലഭ്യമാവുന്ന സ്ഥിതിയിൽ പരിമിതപ്പെട്ടും ഇരിക്കുന്ന സ്ഥിതിയും സംജാതമായിരിക്കുന്നു. പ്രിയ വിശ്വാസികളെ, നമ്മൾ ക്രിസ്ത്യാനികളെ സംബന്ധിച്ച് നമ്മുടെ രക്ഷകനായ യേശുക്രിസ്തു വി. ഗ്രന്ഥമായ ബൈബിളിലൂടെ പറഞ്ഞതല്ലാതെ ഒന്നും നടക്കുന്നുമില്ല. ഇനി നടക്കുകയുമില്ല എന്നറിഞ്ഞുകൊള്ളൂ. വി. മത്തായിയുടെ സുവിശേഷം 24–ാം അദ്ധ്യായത്തിലും വി. മർക്കോസിന്റെ സുവിശേഷം 13–ാം അദ്ധ്യായത്തിലും വെളിപാടു പുസ്തകത്തിലും മറ്റും പറയുന്നതുപോലെ ഈറ്റുനോവിന്റെ ആരംഭമത്രേ ഇത്. ആയതിനാൽ നമ്മുടെ രക്ഷകന്റെ രണ്ടാം വരവിനുവേണ്ടി സദാ ജാഗരൂകരായി ജീവിതങ്ങളിൽ മാറ്റങ്ങൾ വരുത്താൻ തയ്യാറാകൂ. ആത്മാവിൽ പ്രത്യാശിക്കുന്ന ക്രിസ്തീയ മക്കളെ ഭയപ്പെടേണ്ടാ. നാം വസിക്കുന്നത് സർവ്വ ശക്തന്റെ സംരക്ഷണത്തിലും തണലിലുമാണ് അവനാണ് നമ്മുടെ കോട്ടയും നാം ആശ്രയിക്കുന്ന ഏക ദൈവവും. ഒരനർത്ഥവും നമ്മുടെ ഭവനത്തെയോ ശരീരത്തേയോ സമീപിക്കാതെ നമ്മെ സംരക്ഷിക്കാൻ അവന്റെ ദൂതന്മാർ നമ്മോടു കൂടെയുണ്ട്. കഷ്ടങ്ങളിലൂടെ കടന്നു പോകുന്നെങ്കിലും നമ്മുടെ ജീവനെ അവിടുന്ന് പരിപാലിക്കുകയും നമ്മുടെ ജീവനെ താങ്ങി നിർത്തുവാൻ തീ മതിലായി നമുക്ക് ചുറ്റും അവൻ കോട്ട കെട്ടുകയും ചെയ്യും. പക്ഷി ചിറകിൻകീഴിലെന്നപോലെ നാം അവനിൽ നമ്മുടെ ജീവിതങ്ങളെ പൂർണ്ണമായി സമർപ്പിക്കണമെന്നു മാത്രം. നമ്മുടെ കർത്താവ് എന്നേക്കുമായി നമ്മെ ഉപേക്ഷിക്കുകയില്ല, മന:പൂർവ്വം മനുഷ്യമക്കളെ ദുഃഖിപ്പിക്കുകയുമില്ല . നമ്മുടെ വിശ്വാസത്തോടെയുള്ള പ്രാർത്ഥനകളാൽ അവൻ നമ്മുടെ പാപങ്ങൾ ക്ഷമിച്ചു നമ്മുടെ രോഗങ്ങൾ സൗഖ്യമാക്കും. നമ്മെ സ്വയം പര്യാപ്തതയോടെ എഴുന്നേറ്റു നടത്തുകയും ചെയ്യും. ഇനിയുള്ള നമ്മുടെ ജീവിതങ്ങളിലെങ്കിലും വക്രതകളും വഞ്ചനകളും സ്വയം പ്രശംസ കലർന്ന അഹങ്കാരങ്ങളും വെടിഞ്ഞ് പരസ്പര സ്നേഹവും പരസ്പര കരുതലുകളും ജീവിതത്തിൽ സ്വീകരിച്ച് നാം നമ്മുടെ പഴയ ജീവിതത്തെ സ്വയം ശോധന ചെയ്ത് അനുതപിച്ച് പഴയ തെറ്റുകൾ ആവർത്തിക്കില്ല എന്ന ദൃഢനിശ്ചയത്തിൽ അവന്റെ കല്പനകൾ പാലിച്ച് നമ്മുടെ കുടുംബങ്ങളേയും നാം വസിക്കുന്ന സർവ്വമേഖലകളെയും ദൈവാലയ സമമാക്കാൻ നമ്മുടെ ജീവിതങ്ങളിൽ മാറ്റം വരുത്താം. പരിശുദ്ധ സഭയോടു ചേർന്ന് ഈ കാലഘട്ടത്തെ പുതിയ അവസരങ്ങളായി നമുക്ക് മാറ്റാം. ദൈവം അനുഗ്രഹിക്കട്ടെ, ദൈവ തിരുനാമം മാത്രം മഹത്വപ്പെടട്ടേ, ആമ്മീൻ.

# വിവാഹിതരായി



Advt -O

**എറണാകുളം സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ കളത്തിൽ M.M. Mathew (Prasad) ന്റെയും Anila Mathew വിന്റെയും മകൻ Arun Mathew (Infosys) ഉം വയനാട്, പുൽപ്പള്ളി പുത്തൻകണ്ടത്തിൽ Peter Thomas ന്റെയും Mercy Peter ന്റെയും മകൾ Olivia Anna Peter (USA) ഉം തമ്മിലുള്ള വിവാഹം 14-06-2021-ൽ അഭിവന്ദ്യ കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിലും എറണാകുളം പള്ളി വികാരി Fr. Rejish Skariah Mathuramkottu ന്റെ സഹ കാർമ്മികത്വത്തിലും ഇളംകുളം സെന്റ് മേരീസ് യാക്കോബായ സിറിയൻ സൂനോറോ സിംഹാസന പള്ളിയിൽ നടത്തപ്പെട്ടു.**




## C.K. Skaria and Leelamma Skaria

(Rt. Dist. Panchayat officer, Pathanamthitta)

**Mangattu House, S.Puram, Kurichy**

***Thank you Lord for all Blessings with Lots of Love and Prayers.***

Seena, Shiju,
Irene and Yohan
(Mundukottakal Family, Chester, U.K.2)
Seeja, Vinod and Hannah
(Thayil Family, Jabalpur)
Siji, Sunitha, Noah and Nathan (Mangattu family, Coventry, U.K.)

Advt - O

# 50 – ാം വിവാഹ വാർഷികം

04 – 07 – 2021



# M.S. Abraham & Lillykutty

(കുഞ്ഞുമോൻ)

## മദനപ്പള്ളി, വെളിയനാട്

## ഇടവക : സെന്റ് മേരീസ് ബേത്‌ലഹേം ക്നാനായ പള്ളി, വെളിയനാട്

"ഇത്രത്തോളം യഹോവ സഹായിച്ചു, ഇത്രത്തോളം യഹോവ നടത്തി
ഇനിയും മുന്നോട്ട് ഇങ്ങനെ നടത്തും എന്ന വിശ്വാസത്തോടെ"

Advt - S

ആശംസകളോടെ, മക്കളും കുടുംബവും

| മക്കൾ | മരുമക്കൾ | കൊച്ചുമക്കൾ | | |
|---|---|---|---|---|
| Isha | Gigi | Alen | Aleena | |
| Bobby | Lisha | Cheryl | Hannah | Freya |
| Resmi | Jameskutty | Chakkochan | Riyamol | Aben |

# 45-ാം വിവാഹ വാർഷികം

**04-07-2021**



ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി

*ആശംസകളോടെ*
***മക്കൾ***
*ലിത (ദുബായ്)*
*ലിറ്റി (യു.കെ)*
*ലിറ്റു തോമസ്*
***മരുമക്കൾ***
*ബിനോയി (ദുബായ്)*
*ജോജി (യു.കെ)*
***കൊച്ചുമക്കൾ***
*റൂഹ്മ, ഗ്രെഗ്*
*മരിയ, അന്ന, ഇസ്രാ*

## തോമസ് ചാണ്ടി & ലീലാമ്മ തോമസ്

**തച്ചാറചിറയിൽ, ചിങ്ങവനം**


# ക്നാനായദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ ചെയ്യുന്നതിന് അവസരമുണ്ട്.




കോവിഡ് മഹാമാരിമൂലം യാത്ര ചെയ്യുവാൻ ബുദ്ധിമുട്ടുള്ള ഈ പശ്ചാത്തലത്തിൽ ക്നാനായ ദീപത്തിലേയ്ക്കുള്ള പരസ്യങ്ങളും, മാറ്ററുകളും ഓൺലൈൻ ആയി അയയ്ക്കാവുന്നതാണ്.

E-mail: kna.deepam@gmail.com,
Whats App No. 8547584440

പരസ്യചാർജ്ജുകളും, വരിസംഖ്യയും ഓൺലൈനായി ബാങ്ക് അക്കൗണ്ടിൽ അയയ്ക്കാവുന്നതാണ്.

**Bank Details**

A/c No: 57004254154
Chief Editor & Mg. Editor,
Knanaya Deepam
SBI, Chingavanam,
IFSC SBIN0070128

M/S Knanaya Deepam
A/c No: 12990200001178
Federal Bank,
Chingavanam
IFSC FDRL0001299

E-mail: kna.deepam@gmail.com, Whats App No. 8547584440

Contact : ഫാ. ജേക്കബ് കല്ലുകുളം, മാനേജിംഗ് എഡിറ്റർ
9447563240, 8547584440



## കല്ലിശ്ശേരി മേഖലയിലെ ഭക്ഷ്യവസ്തു വിതരണം

**സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി**യുടെ നിർദ്ദേശപ്രകാരം ക്നാനായ കമ്മിറ്റി കല്ലിശ്ശേരി മേഖലയിലെ ഭക്ഷ്യവസ്തു വിതരണം 18/06/2021 –ൽ തിരുവൻവണ്ടൂർ പള്ളിയിൽ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാമിന്റെ അധ്യക്ഷതയിൽ കൂടിയ മീറ്റിങ്ങിൽ വികാരി ജനറൽ റവ. ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരി പ്രാർത്ഥിച്ച് ഉത്ഘാടനം ചെയ്തു. ഓതറ ആശ്രമം കമ്മിറ്റി അംഗങ്ങളായ ബൈജുമോൻ ചാക്കോ പുലയകുന്നിൽ, സോമൻ ചിറത്തലയ്ക്കൽ, ഏബ്രഹാം ചാങ്ങയിൽ, ക്നാനായ കോൺഗ്രസ് ജനറൽ സെക്രട്ടറി റോയി പുത്തൻപുരയ്ക്കൽ, അസ്സോസിയേഷൻ അംഗങ്ങൾ പള്ളി ഭാരവാഹികൾ സമുദായ സ്നേഹികൾ തുടങ്ങിയവർ പങ്കെടുത്തു.



## റാന്നി മേഖലയിലെ ഭക്ഷ്യവസ്തു വിതരണം

റാന്നി ഐത്തല സെന്റ് കുര്യാക്കോസ് ദൈവാലയ അങ്കണത്തിൽ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാമിന്റെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗ് പത്തനംതിട്ട ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഓമല്ലൂർ ശങ്കരൻ ഉത്ഘാടനം ചെയ്തു. ഐത്തല പള്ളി വികാരി ഫാ. ജയിൻ തോമസ് കുളത്തുങ്കൽ, സമുദായ ആക്ടിംഗ് ട്രസ്റ്റി തോമസുകുട്ടി മറ്റയ്ക്കാട്ട്, ക്നാനായ കമ്മിറ്റി അംഗം ആലിച്ചൻ ആറൊന്നിൽ, ജില്ലാ പഞ്ചായത്ത് മെമ്പർ ജോർജുകുട്ടി ഏബ്രഹാം തുടങ്ങിയവർ പ്രസംഗിച്ചു. ഐത്തല പള്ളി ട്രസ്റ്റി ശ്രീ. സാമോൻ വാണിയേടത്ത്, സെക്രട്ടറി ശ്രീ. മാത്യു ഐബ്രഹാം വടക്കേമുറിയിൽ, അസ്സോസിയേഷൻ മെമ്പർമാരായ വി.എസ്. തോമസ് വലിയ പറമ്പിൽ, സണ്ണിക്കുട്ടി ഇടയാടിയിൽ, ബിബിൻ കല്ലംപറമ്പിൽ തുടങ്ങിയവർ സംബന്ധിച്ചു.

## ക്നാനായ മിഷ്യൻ പള്ളി സ്ഥലം

